MESSAGE



**തോമ്മാ മാർ ദീവന്നാസ്യോസ്**
**മെത്രാപ്പോലീത്ത**

ദൈവകൃപയാൽ

നിരണം മുതലായ ഇടവകകളുടെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

കാലം ചെയ്ത നമ്മുടെ പിതാവായ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ സ്മാരകാർത്ഥം ദൈവേഷ്ടത്താൽ ആ അഭിവന്ദ്യ തിരുമേനി ദേഹവിയോഗം ചെയ്യുന്നതിന് ഇടയായ കുന്നംകുളം ഇടവകയിൽ, അവിടുത്തെ ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സിവ് പാർട്ടിയുടെആഭിമുഖ്യത്തിൽ പട്ടക്കാരും ജനങ്ങളും ഏകകണ്ഠമായി അദ്ദേഹത്തിന്റെ നാമത്തെ വാഴ്ത്തിക്കൊണ്ട് പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന "സുവനീർ" പ്രസ്ഥാനം വളരെ അഭിനന്ദനാർഹമായിരിക്കുന്നു. നിങ്ങളുടെ ഈ ഉദ്യമത്തെ നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു. തിരുമനസ്സിലെ പ്രാർത്ഥന നിങ്ങളേവർക്കും കോട്ടയായിരിക്കട്ടെ. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് 1951 ജൂൺ 7

തൃശ്ശിനാപ്പിള്ളി പൊന്നയ്യാ ഹൈസ്കൂളിൽ നിന്നും

ഒപ്പ്



**ജോസഫ് മാർ സേവറിയോസ്**
**മെത്രാപ്പോലീത്ത**

മാർ ഇവാനിയോസ് 1930 സെപ്റ്റംബർ 20 ന് ഓർത്തഡോക്സ് സഭ വിട്ടപ്പോൾ മലങ്കര സഭയിൽ നിരണം ഭദ്രാസനാധിപനായി പുത്തൻകാവിൽ കൊച്ചുതിരുമേനിയോടൊപ്പം സഭയിൽ ഉറച്ച് നിന്നു. 1937 നവംബർ 29–ന് മാർ ഇവാനിയോസിന്റെ സ്വാധീനത്തിൽ സഭ മാറി റീത്ത് പ്രസ്ഥാനത്തിൽ ചേർന്ന് തിരുവല്ല ബിഷപ്പായി. 1955–ൽ കാലം ചെയ്തു.

ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

കാലം ചെയ്ത നി.വ.ദി. ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകാർത്ഥം ഒരു സുവനീർ പ്രസിദ്ധപ്പെടുത്തുന്നത് വളരെ ശ്ലാഘനീയം തന്നെ. അത് ആ തിരുമേനിയുടെ നാനഗുണങ്ങൾക്കനുയോജ്യമായിരിക്കട്ടെ. നിങ്ങളുടെ പരിശ്രമത്തിന് നാം സർവ്വവിധ വിജയങ്ങളും ആശംസിക്കുന്നു.

കാലം ചെയ്ത കൊച്ചുതിരുമേനിയും നാമും തമ്മിലുള്ള ബന്ധം ഒന്ന് പ്രത്യേകം തന്നെയായിരുന്നു. കോളേജ് വിദ്യാർത്ഥികളായി ഞങ്ങൾ ഒരുമിച്ച് താമസിച്ചിരുന്നു. മേൽപ്പട്ടക്കാരായി ഒരുമിച്ച് ജോലിചെയ്തിരുന്നു. കാര്യങ്ങൾ ചുഴിഞ്ഞറിയുന്നതിനും, ലഘുജീവിതം നയിക്കുന്നതിനും അദ്ദേഹത്തിനുള്ള കഴിവ് അനിതരസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ അകാലവിയോഗം കേരളക്കരയിലെ ക്രൈസ്തവർക്ക് ഒരു തീരാനഷ്ടം തന്നെ.

"നാം ദൈവസുതന്മാരാവാ–
നായുംഷ്കാലത്തിൽ ചൊല്ലി–
ത്തന്നത്താതരെയോർക്കണം
നയവാന്മാർ പുണ്യപ്പെട്ടോ–
രൊന്നിച്ചേകുമവർക്കാശ്വാ–
സംസ്വർഗ്ഗേ പുത്രൻ ദൈവം"

ഈ പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ പാവനസ്മരണകൾ ലയിക്കട്ടെ.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

തിരുവല്ല
23–05–51
ഒപ്പ്

MESSAGE



മാർ തേവോദോസ്യോസ്
മെത്രാപ്പോലീത്താ

ദൈവകൃപയാൽ

മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ

നമ്മുടെ കൊച്ചുമെത്രാച്ചന്റെ അകാലവിയോഗം നമ്മുടെ സഭയ്ക്ക് എത്രയോ വലിയ ഒരു തീരാനഷ്ടമാണ് ! കൂടുതലൊന്നും ഇത്തരുണത്തിൽ പറയുവാൻ തോന്നുന്നില്ല സ്മാരകഗ്രന്ഥം സംബ ന്ധിച്ചുള്ള നിങ്ങളുടെ പരിശ്രമങ്ങൾക്ക് സകല ഭാവുകങ്ങളും ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1951 ജൂൺ 5

വടശ്ശേരിക്കര ബഥനി ആശ്രമത്തിൽ നിന്നും

ഒപ്പ്



ചങ്ങനാശ്ശേരി ബിഷപ്പ്
ഡോ. മാത്യു കാവുക്കാട്ട്

### ചങ്ങനാശ്ശേരി ബിഷപ്പ് ഡോ. മാത്യു കാവുകാട്ട് തിരുമനസ്സിൽ നിന്നും

മാർ പീലക്സിനോസ് തിരുമേനി കാലംചെയ്തുവെന്ന വാർത്ത അത്യാഗാധമായ ഹൃദയഭാരത്തോടുകൂടിയാണ് നാം ശ്രവിച്ചത്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാചരിത്രത്തിൽ പ്രത്യേകമാംവിധം ശോഭനമായ ഒരു സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുള്ള തിരുമേനിയുടെ ഈ വേർപാടുമൂലം സഭയ്ക്ക് നേരിട്ടിരിക്കുന്ന തിരാനഷ്ടത്തിൽ സഭാംഗങ്ങളോടൊപ്പം നാം അനുശോചിക്കുകയും തിരുമേനിയുടെ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

MESSAGE

Government of Travancore - Cochin

I was grieved to hear the untimely demise of H. H. Mar Philexinos, M.A, B.D., The Rt: Rev: Bishop of the Jacobite Syriuan Christian Community of Kerala. I can well understand how the Jacobite Syrian Christian Community have been affected by this unfortunate occurrence, but I do hope that the example of his life would enable everyone to sustain this loss with fortitude.

Trivandrum
30-05-51

(Signed)
**(K.G. Menon)**
Chief Secretary to Government

---



**ബിഷപ്പ് വാൽഷ് (1871–1959)**

പുത്തൻകാവ് പള്ളി കൺവൻഷന് നിരവധി തവണ പ്രാസംഗികനായി വന്നിട്ടുണ്ട്. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ആത്മസുഹൃത്തായിരുന്നു.

Bishop Herbert Pakenham Walsh
Christa Sishya Ashram
Tadagam P.O.
Coimbatore Dist,
June 16, 1951

The death at a comparatively early age of Bishop Mar Philexinos is a grievous loss to the Orthodox Syrian Church of Travancore. We who knew him intimately realised that he lived a life of worship and of prayer in very close accord with his beloved Lord and Master, Jesus Christ, and that he had great ambitions for his Church in Travancore, that it should increase in spirituality, and in usefulness not only to its own members but to the advancement of the Kingdom of God throughout India.
He was greatly interested in, and upheld by his constant prayers, our Christa Sishya Ashram at Tadagam (near Coimbatore) which was the first mission field of his Church, and his visits were an inspiration to us all. The more I met him and talked with him the more I loved and admired him. Surely he is still helping his beloved Church by his prayers in Paradise."

(Sd)
**H. Pakenham - Walsh**





MESSAGE

# മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഗീവർഗ്ഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായിൽ നിന്നും


മഹാശയന്മാരും, മഹാമനസ്കരുമായ സമുദായ സ്നേഹികൾ ആയുസ്സിന്റെ മദ്ധ്യത്തിൽ നമ്മെ വിട്ടുപിരിയുന്നത് ഇതു ആദ്യമായിട്ടല്ല. ഇതിനകത്ത് മറഞ്ഞുകിടക്കുന്ന ദൈവോദ്ദേശം എന്തുതന്നെയായിരുന്നാലും, ആ മഹത്വ്യക്തികൾ ഏതൊരു ഉൽകൃഷ്ടാദർശത്തിനുവേണ്ടി നിലകൊണ്ടുവോ, ആ ഉത്തമാദർശത്തിന്റെ വില ലോകത്തിന്നറിവാൻ ഇടയാക്കുന്നത് ഇത്തരത്തിലുള്ള മരണങ്ങളാണ്. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സഭയ്ക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നത്, അദ്ദേഹം ജീവനോടിരിക്കുമ്പോൾ അധികം പേരും അറിഞ്ഞിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരമാണ് അദ്ദേഹം സഹിച്ച ക്ലേശങ്ങളും, ത്യാഗങ്ങളും എന്തെല്ലാമാണെന്ന് അധികംപേർക്കും അറിവാനിടയായത്. അതുകൊണ്ട് ആ പുണ്യാത്മാവിന്റെ മരണം അദ്ദേഹം ആരംഭിച്ച വേലയെ പൂർത്തിയാക്കുവാൻ നിങ്ങളെ ഉൽബോധിപ്പിക്കയാണ് ചെയ്യുന്നത്. സുപ്രസിദ്ധ ശാസ്ത്രജ്ഞനായ തോമസ് ആൽവാ എഡിസൺ-ന്റെ ശിഷ്യന്മാരിലൊരുവൻ ആഫ്രിക്കയുടെ ഘോരവനങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കെ സാംക്രമികരോഗം പിടിപ്പെട്ടു അകാലമൃത്യുവിനിരയായപ്പോൾ ആ സ്നേഹിതന്റെ ജോലി പൂർത്തിയാക്കുവാൻ 12 പേരാണ്. സധൈര്യം ഇറങ്ങിപുറപ്പെട്ടത്. ഇതുപോലെ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ വിയോഗം കുന്നംകുളത്തും, പരിസരങ്ങളിലുമുള്ള ബിരുദധാരികളായ യുവാക്കന്മാരെ സമുദായസേവനാർത്ഥം ഇറങ്ങിപ്പുറപ്പെടുവാൻ ഇടയാക്കുമെന്ന് നാം വിശ്വസിക്കട്ടെ. അല്ലെങ്കിൽ അദ്ദേഹം ഇവിടെവെച്ചു മരിച്ചതെന്തിന്? അദ്ദേഹത്തിന്റെ മരണം നിങ്ങളോടുള്ള ഒരു ആഹ്വാനമാണ്. "കൊയ്ത്തു വളരെയുണ്ടു വേലക്കാരോ ചുരുക്കം"

സഭയ്ക്കുവേണ്ടി പ്രവർത്തിച്ച്, പ്രസംഗിച്ച് മരിച്ച ആ പുണ്യാത്മാവ് ശുദ്ധമുള്ള പൗലോസ്ശ്ലീഹാ നമ്മെ അറിയിച്ചതും, ബലിപീഠത്തിൽ മടഞ്ഞുവെച്ചതുമായ ആ വാടാത്ത കിരീടത്തിന് യോഗ്യനായിത്തീരട്ടെയെന്ന് നാം പ്രാർത്ഥിക്കുന്നു.

തൊഴിയൂർ
06-06-51

എന്ന് തൊഴിയൂർ ഭദ്രാസനപള്ളിയിൽ നിന്നും

ഒപ്പ്



നമ്പർ.

The Orthodox Syrian Church of The East

സ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ [illegible]

ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ പുത്തൻകാവ് പള്ളിയിൽ കബറടക്കണമെന്ന പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ കൽപന

സുറിയാനിക്രിസ്ത്യാനികളുടെ നമസ്കാരക്രമം
കാലിക്കോ കവർ
വില രൂപാ 1—12—0
മലയാളമനോരമ സെയിൽസ് ഡിപ്പോ—കോട്ടയം

R. No. T. 52.M.4966
പുസ്തകം 4 ലക്കം 1

# മലയാള മനോരമ

The Malayala Manorama Established in 1888

Vol. LIV No. 91 18th April 1951 കോട്ടയം 1126 മേടം 5 ബുധൻ

ബംഗാൾ ബൾബുകൾ ഉപയോഗിപ്പിൻ
Area Distributors for Travancore Cochin & Malabar
SOUTH INDIA CORPORATION LTD.
Broadway, ERNAKULAM.
Inserted by M/s. Bengal Electricals Co., Bangalore 1.

# ഇന്നലെ കാലംചെയ്തു

## നി.വ.ദി.ശ്രീ.മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്—കുന്നംകുളം വലിയപള്ളിയിൽവച്ച്— ഓർത്തഡോക്സ് സുറിയാനിസമുദായത്തിനു നേരിട്ട മഹാനഷ്ടം

[പ്രത്യേക ലേഖകൻ] കോട്ടയം, ഏപ്രിൽ 18

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ തുമ്പമൺ ഇടവക മെത്രാപ്പോലീത്തായായ നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് തിരുമനസ്സുകൊണ്ട് ഇന്നലെ കാലത്തു പത്തേകാൽമണിക്കു ഹൃദയസ്തംഭനംമൂലം കുന്നംകുളം വലിയപള്ളിയിൽവച്ചു കാലംചെയ്ത വിവരം എത്രയുംവ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

[ഇന്നലെ ഉച്ചകഴിഞ്ഞ് ഈ സന്താപവാർത്ത കമ്പി മൂലം പഴയസിമ്മനാരിയിൽ അറിവുകിട്ടിയ ഉടൻതന്നെ മലയാള മനോരമ ഒരു അവശേഷം അച്ചടിച്ചു ടൌണിൽപ്രസിദ്ധപ്പെടുത്തുകയുണ്ടായി.]

ഇന്നലെ രാവിലെ തിരുമേനി ആലസ്യ വിധേയനായിരിക്കുന്ന വിവരത്തിനു കമ്പി ലഭിച്ച ഉടനെ പഴയ സിമ്മനാരി മാനേജർ റവ. ഫാദർ റ്റി. സി. ജേക്കബും, റവ. ഫാദർ മണലിൽ ജേക്കബും കാറിൽ മൂവാററുപുഴയെത്തി നി. വ. ദി. ശ്രീ മാർ തീമോത്തിയോസ് തിരുമേനിയുമൊരുമിച്ചുകുന്നംകുളത്തിനു പുറപ്പെട്ടു. രണ്ടു മണിക്കൂർ കഴിഞ്ഞശേഷമാണു സന്താപകരമായ ഈ കമ്പിസന്ദേശം ലഭിച്ചതു്.

## കബറടക്കശുശ്രൂഷ ഇന്ന് ഒരുമണിക്കു പുത്തൻകാവ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽവച്ചു നടത്തപ്പെടുന്നു

### അതിൽ എല്ലാവരും സംബന്ധിക്കണമെന്ന് നി. വ. ദി. മ. ശ്രീ കാതോലിക്കാ ബാവാ തിരുമനസ്സിലെ കല്പന

കോട്ടയം, ഏപ്രിൽ 17

നി. വ. ദി. മ. ശ്രീ പൌരസ്ത്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പഴയസിമ്മനാരിയിൽനിന്നു താഴെ കാണുന്ന കല്പന പുറപ്പെടുവിച്ചിരിക്കുന്നു.—

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

പ്രിയരെ,

തുമ്പമൺ ഇടവകയുടെ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഇന്നു രാവിലെ പത്തേകാൽമണിക്കു കുന്നംകുളം പള്ളിയിൽവച്ചു കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതം നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. കബറടക്കശുശ്രൂഷ നാളെ ഒരു മണിക്കു പുത്തൻകാവ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ വച്ചു നിർവഹിക്കുന്നതിനു നിശ്ചയിച്ചിരിക്കയാൽ നിങ്ങളെല്ലാവരും അതിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കയും മെത്രാച്ചന്റെ ആത്മശാന്തിക്കു വേണ്ടി പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും ചെയ്യണമെന്നു നിങ്ങളെ നാം ഓർപ്പിക്കുന്നു. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.



...സഭയ്ക്കു് തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷ ഘോഷണനേതൃത്വം പ്രഥമമായി ഏറെറടുത്തുകൊണ്ട്, തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്കു് എന്നെന്നും അഭിമാനകരമായ ഒരു അമൂല്യനിധിയായി വിലമതിക്കപ്പെട്ടുമെന്നുള്ളതിനു സംശയമില്ല. വേദപുസ്തകഭാഗങ്ങളെയും, അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തി സാമാന്യ ജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകിക്കൊണ്ടിരുന്ന ഒരു പണ്ഡിതാഗ്രേസരൻ ആധുനിക സുറിയാനിസഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. ഇന്നത്തെ സുറിയാനിസഭാപിന്നത അവസാനിപ്പിക്കുന്ന കാര്യത്തിൽ തിരുമനസ്സുകൊണ്ട് ആദ്യന്തം നടത്തിയിട്ടുള്ള നിസ്വാർത്ഥവും ഏററവും ആത്മാർത്ഥവുമായ തീവ്രശ്രമങ്ങൾ സുറിയാനിസഭയുടെ ചരിത്രത്തിൽ എന്നെന്നും അവിസ്മരണീയമായി നിലനില്ക്കുന്നതാണ്.

## സിറിയൻക്രിസ്ത്യൻ കോൺഗ്രസ്സ് സമ്മേളനംമാററിവച്ചു

ചെങ്ങന്നൂർ ഏപ്രിൽ 17

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ് പ്രസിഡണ്ടു ഡോ. സി. റ്റി. ഈപ്പൻ എഴുതുന്നു്.–

പ്രസ്തുത കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 18–ാംനു ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി വൈസ് പ്രസിഡണ്ടായിരുന്ന ഡോ. എച്ച്. സി. മുക്കർജിയുടെ അദ്ധ്യക്ഷതയിലും കോൺഗ്രസ്സ് പ്രസിഡണ്ടു ടണ്ഡൻജിയുടെ സാന്നിദ്ധ്യത്തിലും നടത്താനിരുന്ന സർവ്വസമുദായ സൗഹാർദ്ദസമ്മേളനം നി. വ. ദി. ശ്രീ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കാലവിയോഗം നിമിത്തം മാററിവയ്ക്കേണ്ടി വന്നതിനാ...

## തിരുവല്ലായിലെ ദുഃഖാചരണം

തിരുവല്ലാ, ഏപ്രിൽ 17

നി.വ.ദി.ശ്രീ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തതായി ഇന്നു രണ്ടുമണിക്കു മനോരമാ ഓഫീസിൽനിന്ന് അറിവു കിട്ടിയ ഉടൻ ഓർത്തഡോക്സ് സഭാ പള്ളികളിൽ കുട്ടമണി അടിക്കയും വിവരമറിഞ്ഞ ഭക്തജനങ്ങൾ കറുത്ത ബാഡ്ജു ധരിച്ചു ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു. (സ്വ. ലേ.)

## ചെങ്ങന്നൂരെ ദുഃഖാചരണം

ചെങ്ങന്നൂർ ഏപ്രിൽ 17

നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് തിരുമേനി കാലം ചെയ്തിരിക്കുന്നതായി ഇന്നു 12 മണിയോടുകൂടി കുന്നംകുളത്തുനിന്ന് ഇവിടെ കമ്പി കിട്ടിയതനുസരിച്ചു സ്ഥലത്തെ യാക്കോബായ–മാർത്തോമ്മാ സമുദായങ്ങളുടെ വക കടകൾ എല്ലാം അടച്ചു ദുഃഖം ആചരിച്ചിരിക്കുന്നു. ഇവിടെ നിന്നു പല പ്രമുഖ വ്യക്തികളും കുന്നംകുളത്തിനു പോയിട്ടുള്ളതായുമറിയുന്നു. (സ്വ. ലേ.)

## വി.മൂറോൻകൂദാശ

കോട്ടയം, ഏപ്രിൽ 18

പഴയസിമ്മനാരിയിൽവച്ചു പരിശുദ്ധകാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു മറെറല്ലാ തിരുമേനിമാരുടെയും, റമ്പാന്മാരുടെയും, അനവധി പട്ടക്കാരുടെയും, ശെമ്മാശന്മാരുടെയും സാന്നിദ്ധ്യസഹകരണത്തിൽ നാല്പതാംവെള്ളിയാഴ്ച രാവിലെ വി. മൂറോൻകൂദാശ നടത്തുന്നതാണ്. എത്രയും ദീർഘമായ ഒരു ശുശ്രൂഷയായതുകൊണ്ടു രാവിലെ ഏഴുമണിക്ക് ആരംഭിക്കുന്ന മൂറോൻകൂദാശ പന്ത്രണ്ടുമണിക്കു മാത്രമേ അവസാനിക്കുകയുള്ളു. ഭക്തജനങ്ങൾക്കു നിൽക്കുന്നതിനായി ചാപ്പൽപരിസരങ്ങൾ പന്തൽ ഇട്ടുകൊണ്ടിരിക്കുന്നു. രണ്ടായിരം പേർക്കു നിൽക്കത്തക്കവണ്ണമാണു പന്തൽ സജ്ജീകരിക്കുന്നതു്. ശുശ്രൂഷ എല്ലാവർക്കും ശ്രദ്ധിക്കത്തക്ക...





Geevarghese Mar Philoxenos



കെ.സി മാമ്മൻ മാപ്പിള

പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തപ്പോൾ മലയാളമനോരമ പ്രസിദ്ധീകരിച്ച കണ്ണീരിൽ കുതിർന്ന ഈ മുഖപ്രസംഗം തിരുമേനിയുടെ ആത്മ സുഹൃത്തായിരുന്ന മലയാളമനോരമയുടെ മുഖ്യ പത്രാധിപർ യശഃശരീരനായ ശ്രീ.കെ.സി മാമ്മൻ മാപ്പിള എഴുതിയതാണ്.

# എഡിറ്റോറിയൽ

***Wednesday 18th April 1951***

## കാലംചെയ്ത നി.വ.ദി.ശ്രീ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസമുദായത്തെ സംബന്ധിച്ചേടത്തോളം വെള്ളിടിപോലെ മർമ്മഭേദകമായ ഒരു ദുഃഖവാർത്തയാണ് കാതുകളിൽ വീഴുന്നത്. ഏപ്രിൽ 5-ാംനു- വ്യാഴാഴ്ച ഒരുമണിക്കു സുഖശരീരനായി കോട്ടയത്തുനിന്നു പുറപ്പെട്ടു, പഴഞ്ഞിയിലും, അവിടെനിന്നു കുന്നംകുളത്തും പോയിരുന്ന ശേഷം നാളെ (വ്യാഴാഴ്ച) കോട്ടയത്തു മടങ്ങിയെത്താമെന്നു പ്രതീക്ഷിച്ചിരുന്ന തിരുമേനിക്കു പകരം, അവിടത്തെ അതിസന്താപകരമായ ചരമവാർത്തയാണ് കമ്പിമാർഗ്ഗം വന്നുചേർന്നത്! നാളെ കോട്ടയത്തു മടങ്ങിയെത്താമെന്നു താൻ പ്രതീക്ഷിക്കുന്നതായി കാണിച്ചു നി. വ. ദി. മ. ശ്രീ കാതോലിക്കാബാവാ തിരുമനസ്സിലേക്കു, കാലംചെയ്ത തിരുമേനി, ദിവംഗതനാകുന്നതിന്റെ തലേദിവസം കുന്നംകുളത്തുനിന്ന് എഴുതിയ ഒരു കത്ത് ഈ ലക്കത്തിൽ അന്യത്ര പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഏപ്രിൽ 5-ാംനു- തന്നെ തിരുമേനി പഴഞ്ഞിയിലെത്തി. 13-ാംനു- വരെ അവിടെ താമസിച്ചു. 15-ാംനു- കാതോലിക്കാദിനം പ്രമാണിച്ചു കുന്നംകുളങ്ങരപ്പള്ളിയിൽ നടത്തപ്പെട്ട ചടങ്ങുകളിൽ സംബന്ധിച്ചു. അടുത്ത ദിവസം മരത്തുംകോട് എന്ന സ്ഥലത്തുള്ള ചാപ്പൽ സന്ദർശിച്ച ശേഷം കോട്ടയത്തിനു പുറപ്പെട്ടു. യാത്രാമദ്ധ്യേ : മരത്തുംമൂട് എന്ന സ്ഥലത്തുവച്ചു പെട്ടെന്നു ചങ്കിനു് ഒരു വേദനയാരംഭിക്കുകയും ദേഹാസ്വാസ്ഥ്യംമൂലം യാത്ര തുടരാൻ നിവൃത്തിയില്ലാതെ വരുകയും! ചെയ്തിനാൽ കുന്നംകുളത്തേയ്ക്കുതന്നെ മടങ്ങിപ്പോകാൻ നിർബന്ധിതനാകുകയും ചെയ്തു. ഡാക്ടർമാരുടെ നിഷ്കർഷാപൂർവ്വമായ പരിചരണോപദേശപ്രകാരം, മൂന്നുദിവസം കുന്നംകുളത്തുതന്നെ താമസിച്ചുവിശ്രമിക്കവെയാണ്, ഇന്നലെ കാലത്തു പത്തേകാൽമണിക്ക് ഈ അത്യാഹിതം സംഭവിച്ചതെന്നുള്ളത് അത്യന്തം പരിതാപകരമായിരിക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ടും, ക്രിസ്തീയമനസ്സംസ്കാരംകൊണ്ടും ത്യാഗനിർഭരമായ സമുദായസേവനസന്നദ്ധതകൊണ്ടും, ഓർത്തഡോക്സ് സുറിയാനിസഭയെ സമലങ്കരിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരിലൊരാളാണിപ്പോൾ സഭയ്ക്കു നഷ്ടീഭൂതനായിത്തീർന്നിരിക്കുന്നത്. മലങ്കര സുറിയാനിസഭ പലവിധത്തിൽ ക്ലേശകരമായ ഒരു ദുർഘടസന്ധിയെ തരണം ചെയ്യുന്ന ഈ ഘട്ടത്തിൽ, സഭയുടെ പ്രശ്നങ്ങളെ സമചിത്തതയോടും വിശാലമനസ്കതയോടുംകൂടി വീക്ഷിക്കാനും, സഭാംഗങ്ങൾക്കു സ്പഷ്ടിപ്രമായ ഒരു നേതൃത്വവും മാർഗ്ഗദർശനവും നൽകാനും കഴിവുള്ള ഒരു വൈദിക നേതാവെന്നനിലയിൽ തിരുമേനിയെ സകലരും ഓർത്തഡോക്സ് സഭയുടെ ഭാവിയെ സംബന്ധിച്ച് ഒരു ആശാകേന്ദ്രമായി കരുതിയിരുന്നതാശ്ചര്യമല്ല. സഭാസമാധാനം സംബന്ധിച്ചു നടത്തപ്പെട്ട പരിശ്രമങ്ങളിൽ തിരുമേനി ആദ്യന്തം പ്രദർശിപ്പിച്ചിരുന്ന ആത്മാർത്ഥമായ അഭിനിവേശവും, അന്യരുടെ അഭിപ്രായഗതികളെ ക്രിസ്തീയസഹാനുഭൂതിയോടെ മനസ്സിലാക്കി പെരുമാറുന്നതിൽ കാണിച്ചുപോന്ന പരിപക്വമായ സഹിഷ്ണുതയും അനാരഞ്ജനയും സർവജനങ്ങളുടെയും ഏററവും നിർവ്യാജമായ സ്നേഹാദരങ്ങളെ സമാർജ്ജിച്ചിരുന്ന സംഗതി സുവിദിതമാണല്ലോ.

സഭയുടെ പൊതുവായ ശ്രേയോഭിവൃദ്ധിയിൽ വ്യാപൃതനായിരുന്നതുപോലെതന്നെ ഇടവകകളുടെ ആഭ്യന്തരമായ ക്രമീകരണത്തിലും കാര്യക്ഷമമായ നടത്തിപ്പിലും ഇടവകാംഗങ്ങളുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമൈശ്വര്യങ്ങളിലും തിരുമേനി നിതാന്തശ്രദ്ധാലുവായിരുന്നു. വിദ്യാഭ്യാസസംബന്ധമായ പുരോഗമനപ്രവർത്തനപ്രസ്ഥാനങ്ങളിൽ തിരുമനസ്സിലേക്കുണ്ടായിരുന്ന അക്ഷീണപരിശ്രമത്തിനു, തിരുമനസ്സിലെ പ്രത്യേക മേൽനോട്ടത്തിൽ നടത്തപ്പെട്ടിരുന്ന വിദ്യാലയങ്ങളുടെ സുസ്ഥിതിയും പുരോഗതിയും പ്രത്യക്ഷലക്ഷ്യങ്ങളായി നിലകൊള്ളുന്നു. ഒടുവിൽ, ഈ അടുത്തകാലത്ത് പത്തനംതിട്ട ഒരു കോളജ് സ്ഥാപിക്കുന്ന കാര്യിൽ തിരുമേനിയുടെ സജീവശ്രദ്ധ പതിഞ്ഞിരുന്ന സംഗതിയും ഈ അവസരത്തിൽ സ്മരണീയമാണ്. സെറാംപൂരിലുള്ള വൈദികകോളജ് ആദിയായി വെളിയിലുള്ള പല ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഉപദേശകസമിതിയിൽ തിരുമേനിക്കു സ്ഥാനം നൽകി അംഗീകരിച്ചിരുന്നു. ഇങ്ങനെ ഏതുവിധത്തിൽ നോക്കിയാലും മലങ്കര ഓർത്തഡോക്സ് സഭയ്ക്കു് അഭിമാനഭൂതനായിരുന്ന ഒരു മണിഭൂഷണമാണ് പെട്ടെന്ന്, നിത്യതയുടെ അദൃശ്യതയിലേക്കു തിരോധാനം ചെയ്തിരിക്കുന്നതു്. കാലം ചെയ്ത പുണ്യാത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുകയും, ഓർത്തഡോക്സ് സഭയ്ക്കു നേരിട്ടിരിക്കുന്ന അപരിഹാര്യമായ ഈ മഹാനഷ്ടത്തിൽ, സഭയോടും സഭാംഗങ്ങളോടുമുള്ള ഏററവും ഹൃദയപൂർവമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.



# ജീവചരിത്ര സംക്ഷേപം

## അദ്ധ്യാത്മചൈതന്യം വാരി വിതറിയ ഒരു തേജ:പുഞ്ജം!

നി.വ.ദി.ശ്രീ മാർ പീലക്സീനോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1897 ജൂൺ 10-ാംനു- വ്യാഴാഴ്ച പുത്തൻകാവു കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ, ദിവ്യശ്രീ തോമ്മസ് കത്തനാരവർകളുടെ ദ്വിതീയപുത്രനായി ഭൂജാതനായി. ചെറുപ്പത്തിൽ, വൈദികവൃത്തിയിലേർപ്പെടുന്നതിനു മുമ്പ് കെ.റ്റി. ഗീവറുഗീസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം പ്രാഥമികവിദ്യാഭ്യാസം സ്വദേശമായ പുത്തൻകാവിൽതന്നെ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം മാവേലിക്കര ഗവണ്മെന്റുസ്കൂളിലും, ഇന്റർമീഡിയററു കോഴ്സ് കോട്ടയം സി.എം.എസ്സ്. കോളജിലും പൂർത്തിയാക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു ശെമ്മാശുപട്ടം നൽകി. അനന്തരം വൈദികവിദ്യാഭ്യാസാർത്ഥം, സെറാംപൂർ വൈദികകോളജിൽ നാലുവർഷം പഠിക്കയും പ്രശസ്തമായ വിധത്തിൽ ബി. ഡി. ബിരുദം നേടുകയും ചെയ്തു. സെറാംപൂർകോളജിലെ അന്നത്തെ പ്രിൻസിപ്പാളും സുപ്രസിദ്ധനുമായിരുന്ന ഡോക്ടർ എച്ച്. ഹൊവെൽസ് എന്ന ദേഹം, കഥാപുരുഷന്റെ അദ്ധ്യയനസാമർത്ഥ്യത്തെയും ഗ്രന്ഥപാരായണ പ്രസക്തിയേയും വളരെ ശ്ലാഘിച്ചു പലപ്പോഴും പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി സുവിദിതമാണ്. സെറാംപൂരിൽനിന്നും ബി.ഡി ബിരുദം സമ്പാദിച്ചു കഴിഞ്ഞ ഉടൻ തന്നെ 1922 മുതൽ 1925 വരെ അദ്ദേഹം കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ ഒരു സഹാദ്ധ്യാപകനായി ജോലി നോക്കി. ഇക്കാലത്ത് അദ്ദേഹം ബി. ഡി. ശെമ്മാശ്ശൻ എന്ന ബഹുമതിസൂചകമായ അപരാഭിധാനത്തിൽ അറിയപ്പെട്ടിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികളും, മററുപലവിധത്തിൽ അദ്ദേഹത്തെ പരിചയപ്പെടുവാൻ സാധിച്ചിട്ടുള്ള പലരും എത്രയും സ്നേഹബഹുമാന നിർഭരമായ മധുരസ്മരണകളാണ് ആ മഹാനുഭാവിനെപ്പററി ഇന്നും പുലർത്തിപ്പോരുന്നത്. അദ്ദേഹം സെറാംപൂർ യൂണിവേഴ്സിററിയിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യം ഐച്ഛികവിഷയമായി എടുത്ത് ഉയർന്നനിലയിൽ എം. ഏ. ബിരുദം സമ്പാദിച്ചു. പിന്നീട് കുറേക്കാലം പുത്തൻകാവു സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ജോലി നോക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു കശ്ശീശാപട്ടം നൽകി. ഇദ്ദേഹം സ്വകുടുംബത്തിലെ നാല്പത്തിരണ്ടാമത്തെ വൈദികനാണെന്നുള്ള സംഗതിയും ഈയവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. അഗാധമായ വേദശാസ്ത്രപാണ്ഡിത്യം, വാഗ്‌വിലാസവൈഭവം, സമുദായസേവന തല്പരത, ഇത്യാദി അനേകം സിദ്ധിവിശേഷങ്ങളാൽ സവിശേഷം അനുഗൃഹീതനായിരുന്ന അദ്ദേഹം ക്ഷണേന സമുദായത്തിന്റെ ഒന്നടങ്കമുള്ള ശ്രദ്ധയെ ഹഠാദാകർഷിച്ചതാശ്ചര്യമല്ല. മലങ്കര മാനേജിംഗ്കമ്മിററിയും എപ്പിസ്കോപ്പൽ സുന്നഹദോസ്സും ഇദ്ദേഹത്തെ വൈദികമേലദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1928-ൽ പരുമല പെരുനാൾ ദിവസം (തുലാം 17-ാം തീയതി) നി.വ.ദി.മ. ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവാതിരുമനസ്സുകൊണ്ട് ഇദ്ദേഹത്തെ റമ്പാനായി പട്ടം കെട്ടുകയും (1930) വൃശ്ചികം 21-ാംനു- നി.വ.ദി.മ.ശ്രീ കാതോലിക്കാബാവാതിരുമേനിതന്നെ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമനസ്സിലെയും കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും സാന്നിദ്ധ്യത്തിൽ മാർ പീലക്സീനോസ് എന്ന അഭിധാനത്തിൽ തുമ്പമൺ ഇടവകയുടെ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. മെത്രാൻ പദത്തിൽ അഭിഷിക്തനാകുന്ന സന്ദർഭത്തിൽ തിരുമനസ്സിലേക്ക് മുപ്പത്തിമൂന്നു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. 1934 ഇടവം 19-ാംനു- സ്വർണ്ണവെള്ളിയാഴ്ച ദിവസം നി.വ.ദി.മ. ശ്രീ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സഹായത്തോടുകൂടി മെത്രാപ്പോലീത്തായായി അവരോധിച്ചു. തിരുമനസ്സിലെ ഇരുപതു വർഷത്തെ സഭാഭരണത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷഘോഷണനേതൃത്വം പ്രഥമമായി ഏറെറടുത്തുകൊണ്ട്, തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്ക് എന്നെന്നും അഭിമാനകരമായ ഒരു അമൂല്യനിധിയായി വിലമതിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. വേദപുസ്തകഭാഗങ്ങളെയും, അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തി സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകിക്കൊണ്ടിരുന്ന ഒരു പണ്ഡിതാഗ്രേസരൻ ആധുനിക സുറിയാനിസഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. ഇന്നത്തെ സുറിയാനിസഭാഭിന്നത അവസാനിപ്പിക്കുന്ന കാര്യത്തിൽ തിരുമനസ്സുകൊണ്ട് ആദ്യന്തം നടത്തിയിട്ടുള്ള നിസ്വാർത്ഥവും ഏററവും ആത്മാർത്ഥവുമായ തീവ്രശ്രമങ്ങൾ സുറിയാനി സഭയുടെ ചരിത്രത്തിൽ എന്നെന്നും അവിസ്മരണീയമായി നിലനിൽക്കുന്നതാണ്.

**1951 ഏപ്രിൽ 18 ന് മലയാള മനോരമ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചത്.**



**അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ**

# കാലംചെയ്ത വാർത്ത കേട്ടപ്പോൾ

## മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ നമ്രശിരസ്കനായിനിന്നു കണ്ണീർ പൊഴിച്ചു

(സ്വ.ലേ) തിരുവല്ലാ ഏപ്രിൽ 18

റി.റ.ഡി.ശ്രീമാർ പീലക്സിനോസു മെത്രാപ്പോലീത്താ കാലം ചെയ്ത വിവരം, തിരുമേനിയുമായി വ്യക്തിപരമായ നിലയിൽ സഹോദരനിർവിശേഷമായ സ്നേഹബന്ധം പുലർത്തിയിരുന്ന മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ തിരുമേനിയെ അറിയിച്ചപ്പോൾ ആ തിരുമേനി, നമ്രശിരസ്കനായിനിന്നു കുറേ സമയത്തേക്കു വികാരസ്തബ്ധനായിനിന്നു കണ്ണീർ ചൊരിഞ്ഞരംഗം അത്യന്തം ഹൃദയസ്പർശകമായിരുന്നു.

ഉടൻതന്നെ മാർത്തോമ്മാ സെന്തോമ്മസ് ദേവാലയത്തിൽ ദുഃഖസൂചകമായി മണി അടിച്ചു. തിരുമേനിയുടെ ദേഹവിയോഗവാർത്ത ഉച്ചഭാഷിണി മുഖേന എല്ലാഭാഗത്തും അറിയിച്ചു. രാത്രി ഒരു വിധത്തിൽ അങ്ങനെ കഴിഞ്ഞു. ഇന്നു വെളിച്ചമായപ്പോൾ മുതൽ ജനങ്ങൾ ആസ്പത്രിയിലും തിരുവല്ലാ ജംഗ്ഷനിലും തിരുമൂലപുരത്തും കൂടി. 11-20-നു തിരുമനസ്സിലെ മൃതശരീരം വഹിച്ചിരുന്ന രഥം തിരുവല്ലാ കുരിശുകവലയിൽ എത്തിച്ചേർന്നു. രഥത്തിന്റെ മുമ്പിലും പുറകിലുമായി നൂറിൽപരം കാറുകളും ഒരു എക്സ്പ്രസ്സ് ബസ്സും ഉച്ചഭാഷിണിഘടിപ്പിച്ചിരുന്ന വാനും ഒരു ലോറിയിൽ ബാൻഡുവിലാപവാദ്യമായി അനുധാവനം ചെയ്തിരുന്നു. ഇതു പ്രയാണിച്ച സ്ഥലത്തെ എല്ലാ ക്രിസ്ത്യാനികളുടെയും കടകൾ അടച്ചു ദുഃഖസൂചകമായി ഹർത്താൽ ആചരിച്ചു.

മലങ്കരയുള്ള ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരുന്ന തിരുമേനി ഇന്നാട്ടിന്റെ വടക്കെ അറ്റത്തുവച്ചു കാലം ചെയ്കയും മൃതശരീരം തെക്കോട്ടു കൊണ്ടുപോകുന്ന വഴി ജാതിമതസമുദായഭേദമെന്യേ സകലർക്കും കാണാൻ ഒരവസരം ലഭിക്കുകയും ചെയ്തതു തിരുമേനിയുടെ സർവ്വജനസാഹോദര്യത്തിനും സഭൈക്യവാഞ്ഛയ്ക്കും സമുചിതമായ ഒരു അന്ത്യസൂചനയായിരുന്നു എന്നു പലരും അഭിപ്രായപ്പെടുകയുണ്ടായി.

**1951 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**





കാലം ചെയ്തതിനു ശേഷം കുന്നംകുളത്ത് എടുത്ത ഫോട്ടോ

# കുന്നംകുളത്തെ അന്ത്യ രംഗവും കോട്ടയത്തേക്കുള്ള അന്ത്യയാത്രയും

(സ്വ. ലേ.) കുന്നംകുളം ഏപ്രില്‍ 18

ഇന്നലെ രാവിലെ പത്തേകാല് മണിക്ക് നി. വ. ദി. ശ്രീ. മാര്‍ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കുന്നംകുളത്തുവച്ചു കാലം ചെയ്തു എന്ന വാര്‍ത്ത റിപ്പോര്‍ട്ടുചെയ്തിരുന്നല്ലോ. തിരുമനസ്സിലെ അസുഖവും ദേഹവിയോഗവും സംബന്ധിച്ച ചില കൂടുതല്‍ വിവരങ്ങള്‍ താഴെ ചേര്‍ക്കുന്നു.–

ഇന്നലെ (തിങ്കളാഴ്ച) രാവിലെ 7 മണിയോടുകൂടി തിരുമേനി ആര്‍ത്താറ്റുപള്ളിയില്‍നിന്നു മരത്തങ്കോട്ടുചാപ്പലില്‍ എത്തി. അവിടെ വച്ചു ഒരു നെഞ്ചുവേദന ആരംഭിച്ചു. ഉടനെതന്നെ ഡോക്ടറന്മാരെ വരുത്തി വേണ്ട പരിചരണങ്ങള്‍ നടത്തി. ഇന്നു യാത്രചെയ്യാതെ അവിടെ വിശ്രമിക്കണമെന്നുള്ള ഡോക്ടറന്മാരുടെ നിര്‍ദ്ദേശത്തെ ആദരിച്ചു തിരുമേനി അവിടെ താമസിച്ചു.

ഇന്നു രാവിലെ കൂടുതല്‍ വൈഷമ്യം കാണുകയാല്‍ ഒന്‍പതു മണിക്കു കുര്‍ബ്ബാനശുശ്രൂഷ നടത്തി. തിരുമനസ്സിലെ അസുഖം ക്രമേണ വര്‍ദ്ധിക്കുകയും പത്തേകാല്‍മണിക്കു തിരുമനസ്സുകൊണ്ടു കാലം ചെയ്യുകയുമാണുണ്ടായതു്. അന്ത്യശുശ്രൂഷകള്‍ നടത്തിക്കൊണ്ടിരിക്കുമ്പോള്‍ തൊഴിയൂര്‍ ഇടവകയുടെ മാര്‍ കൂറിലോസ് തിരുമേനി, അവിടെ എത്തുകയും ശുശ്രൂഷകളില്‍ പങ്കെടുക്കുകയുമുണ്ടായി.

മൂന്നുമണിയോടുകൂടെ മാര്‍ തീമൊത്തിയോസ് തിരുമനസ്സുകൊണ്ടു വന്നുചേര്‍ന്നു. അതിനുമുമ്പു തിരുമനസ്സിലെ അസുഖവിവരമറിഞ്ഞു തിരുമനസ്സിലെ സഹോദരന്‍ മി. കെ. റി. ജോസഫ് കോഴിക്കോട്ടുനിന്നു വന്നെത്തി. 5 മണിക്കു തിരുമനസ്സിലെ മൃതശരീരം മരത്തങ്കോട്ടു ചാപ്പലില്‍നിന്നു കുന്നംകുളം പഴയപള്ളിയിലേക്കു മാറ്റി.

തിരുമനസ്സിലെ മൃതശരീരം കുന്നംകുളം പഴയപള്ളിയിലേക്കു മാറ്റുന്നതിനുമുമ്പു കബറടക്കം മരത്തങ്കോട്ടു ചാപ്പലില്‍ വച്ചുതന്നെ നടത്തണമെന്നു ആ ഇടവകക്കാരിലെ ഭക്തജനങ്ങള്‍ നിര്‍ബന്ധപൂര്‍വം ആവശ്യപ്പെട്ടെങ്കിലും ഒടുവില്‍ ബാവാ തിരുമേനിയുടെ നിര്‍ദ്ദേശത്തെ ആദരിച്ചു അവരുടെ ആഗ്രഹത്തില്‍നിന്നു പിന്മാറുകയാണുണ്ടായതു്.

പഴയ പള്ളിയില്‍വച്ചു മാര്‍ തിമോത്തിയോസ് തിരുമേനി യാത്രപറച്ചില്‍ ശുശ്രൂഷയും ചരമപ്രസംഗവും നടത്തി. അനന്തരം എട്ടര മണിയോടുകൂടെ അവിടെനിന്നു കോട്ടയത്തേക്കു പുറപ്പെട്ടു. തിരുമേനിയോടു് അന്ത്യയാത്ര പറയുന്നതിനു വന്നുകൂടിയ ഇരുപതിനായിരത്തില്‍പരം ജനങ്ങള്‍ നനഞ്ഞ കണ്ണുകളോടുകൂടിയും ദുഃഖഭാരം ഹൃദയത്തിലടക്കിക്കൊണ്ടും അന്ത്യോപചാരം നടത്തി.

വെളുപ്പാന്‍കാലത്തു മൂന്നുമണിക്കു മൂവാറ്റുപുഴയെത്തി. അവിടെനിന്നു നാലുമണിയോടുകൂടി യാത്ര തുടര്‍ന്നു എങ്കിലും മോട്ടോര്‍വാഹനത്തിനു അപ്രതീക്ഷിതമായി നേരിട്ട തകരാറുമൂലം രാവിലെ എട്ടുമണിക്കു മാത്രമേ കോട്ടയത്തു വന്നുചേരാന്‍ സാധിച്ചുള്ളൂ. പഴയസെമിനാരിയില്‍വച്ചു നടത്തപ്പെട്ട യാത്രപറച്ചില്‍ ശുശ്രൂഷാവേളയില്‍ യൂഹാനോന്‍ മാര്‍ത്തോമ്മാ വലിയമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്, മാര്‍ത്തോ [illegible] ന്യ ദിവ്യശ്രീ വി. റി. ചാക്കോ, ശ്ലീശാ റവ. സി. വി. ജോണ്‍ എന്നിവരോടുകൂടി വന്നുചേരുകയുണ്ടായി. 9 മണിയോടുകൂടെ എം. ഡി. സെമിനാരി ചാപ്പലില്‍ എത്തുകയും അവിടെവച്ചും യാത്രപറച്ചില്‍ ശുശ്രൂഷ നടത്തുകയുമുണ്ടായി. അങ്കമാലി ഇടവകയുടെ സഹായമെത്രാപ്പോലീത്താ ആയ ഗീവറുഗീസ് മാര്‍ ഗ്രീഗോറിയോസ് തിരുമേനി ശുശ്രൂഷാസമയത്തു സന്നിഹിതനാകയും തിരുമേനിയോടുള്ള സ്നേഹബന്ധങ്ങള്‍ പ്രദര്‍ശിപ്പിക്കുകയുമുണ്ടായി. ചിരകാലത്തുപച്ചും മറ്റും നടന്ന സമാധാനാലോചനകളില്‍ മാര്‍ പീലക്സിനോസ് തിരുമേനിയുമായി അടുത്ത സമ്പര്‍ക്കം പാലിച്ചിരുന്നതു് ഗീവറുഗീസ് മാര്‍ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നുവെന്നുള്ളതു് ഈ സന്ദര്‍ഭത്തില്‍ അനുസ്മരണീയമാണു്.

## അനുശോചന മഹായോഗം

### വ്യാഴാഴ്ച കൂടുന്നു

ചെങ്ങന്നൂര്‍ ഏപ്രില്‍ 20

നി. വ. ദി. ശ്രീ മാര്‍ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അപ്രതീക്ഷിതമായ ദേഹവിയോഗത്തില്‍ അനുശോചനം രേഖപ്പെടുത്തുവാന്‍ ചെങ്ങന്നൂര്‍ വൈ. എം. സി. ഏ. യുടെ ആഭിമുഖ്യത്തില്‍ ഒരു മഹായോഗം സ്ഥലം ഇംഗ്ലീഷ് ഹൈസ്കൂളില്‍വച്ചു ഏപ്രില്‍ 26-ാംതീയതി വ്യാഴാഴ്ച നാലു മണിക്കു ബിഷപ്പ് സി. കെ. ജേക്കബ് തിരുമനസ്സിലെ അദ്ധ്യക്ഷതയില്‍ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഈ യോഗത്തില്‍ മെ. കെ. സി. മാമ്മന്‍മാപ്പിള, എന്‍. ഗോവിന്ദമേനോന്‍, റി. എം. വറുഗീസ്, സി. എം. സ്റ്റീഫന്‍, കമ്പളത്തു ശങ്കുപ്പിള്ള മുതലായവര്‍ പ്രസംഗിക്കുന്നതാണു്.

## മെത്രാന്‍ സ്ഥാനാഭിഷേകം.

(സ്വന്തം ലേഖകന്‍)

പരുമല, തുലാം 18.

കാലം ചെയ്ത മാര്‍ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവര്‍കളുടെ ശ്രാദ്ധമടിയന്തിരം വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. നി. വ. ദി. മ. ശ്രീ. മോറാന്‍ മാര്‍ ബസ്സേലിയോസ് പൌരസ്ത്യകാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടും നി. വ. ദി. ശ്രീ. മലങ്കരയിടവകയുടെ മാര്‍ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവര്‍കളും, നി. വ. ദി. ശ്രീ. കോട്ടയം ഇടവകയുടെ മാര്‍ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ അവര്‍കളും പള്ളിയില്‍ സാന്നിദ്ധ്യം ചെയ്തിരുന്നു. വന്ദ്യ ദിവ്യശ്രീ കെ. റി. ഗീവറുഗീസ് റമ്പാന്‍ അവര്‍കള്‍ എം. ഏ. ബി. ഡി.–യെ മെത്രാന്‍സ്ഥാനത്തേക്കു് അവരോധിക്കുന്ന മംഗലകര്‍മ്മം മോറാന്‍ മാര്‍ കാതോലിക്കാബാവാ അവര്‍കള്‍ നി. വ. ദി. ശ്രീ. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവര്‍കളുടെയും അനേകം വൈദികന്മാരുടെയും സഹകരണങ്ങളോടുകൂടി ഏററവും ഭംഗിയായി നിര്‍വഹിച്ചു. ഈയാണ്ടില്‍ പെരുനാളിനു പൂര്‍വകാലങ്ങളെ അപേക്ഷിച്ചു കൂടുതല്‍ ജനങ്ങള്‍ സംബന്ധിക്കയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

**1951 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**

# കബറടക്ക ശുശ്രൂഷ

## സന്തപ്തരായ 60000 ജനങ്ങൾസംബന്ധിച്ച സംസ്കാരകർമ്മം

### മുന്നൂറോളംകാറുകളുടെ അകമ്പടിയോടെ കോട്ടയത്തുനിന്നുപുത്തൻകാവുവരെനടത്തപ്പെട്ട വിലാപയാത്ര–പഴയസിമ്മനാരിയിലുംഏലിയാചാപ്പലിലുംനടത്തപ്പെട്ടചടങ്ങുകൾ

[പ്രത്യേക ലേഖകൻ]

**പുത്തൻകാവ് ഏപ്രിൽ 18**

ഇന്നലെ കാലത്തു പത്തുമണിയോടുകൂടി ആർത്താററുപള്ളിയിൽവച്ചു കാലംചെയ്ത നി.വ.ദി.ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറടക്കശുശ്രൂഷ ഇന്നേദിവസം പകൽ മൂന്നുമണിയോടുകൂടി യഥാവിധി നടത്തപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ മൃതശരീരവുമായി നി.വ.ദി.ശ്രീ മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിയും ദിവ്യശ്രീ ശമുവേൽ ശെമ്മാശനുംകൂടി പ്രത്യേക കാറിൽ യാത്ര പുറപ്പെട്ടു. യാത്രയുടെ വിവരങ്ങൾ അറിയുന്നതിനു പഴയസിമ്മനാരിയിൽ കോട്ടയം, പുത്തൻകാവ്, ചെങ്ങന്നൂർ, തിരുവല്ലാ, പത്തനംതിട്ട തുടങ്ങിയ അനേകം ഇടവകകളിലെ പ്രതിനിധികളും മററുമായ ഒരു വലിയ ജനസംഘം അക്ഷമരായി കാത്തിരുപ്പുണ്ടായിരുന്നു. സമുദായ നേതാക്കന്മാർ കാലംചെയ്ത തിരുമേനിയുടെ കബറടക്കശുശ്രൂഷയുടെ കാര്യപരിപാടികൾ രൂപവൽക്കരിച്ചുകൊണ്ടിരുന്നു. തിരുമനസ്സിലെ മൃതശരീരം രാത്രി പന്ത്രണ്ടുമണിയോടുകൂടി കോട്ടയം പഴയസിമ്മനാരിയിലെത്തുമെന്നു പ്രതീക്ഷിച്ചിരുന്നു എങ്കിലുംമൃതശരീരം വഹിച്ച വാഹനം ഇന്നുപകൽ 8 മണിയോടുകൂടിയാണു കോട്ടയത്തെത്തിയതു്. നി.വ.ദി.മ. ശ്രീ മോറാൻ മാർ ബസ്സേലിയോസു കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും. നി.വ.ദി.ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, നി.വ.ദി.ശ്രീ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ, നി. വ. ദി. ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, നി. വ. ദി. ശ്രീ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെയും റമ്പാന്മാരുടെയും മററനേകം വൈദികരുടെയും ശെമ്മാശന്മാരുടെയും സഹകരണത്തിലും കബറടക്ക ശുശ്രൂഷയുടെ പ്രാരംഭഭാഗം നിർവഹിക്കപ്പെട്ടു. പ്രസ്തുത ശുശ്രൂഷയിൽ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ മാർ യൂഹാനോൻ തീമോത്തിയോസ് തിരുമേനിയും മാർത്തോമ്മാസഭയിലെ വന്ദ്യ ദിവ്യശ്രീ. വി. ററി. ചാക്കോ കശീശ്ശാ തുടങ്ങിയ വൈദികരും സംബന്ധിക്കുകയുണ്ടായി. ശുശ്രൂഷതുടങ്ങുന്നതിനുമുമ്പുതന്നെ പാത്രിയർക്കീസ് കക്ഷിയിൽപെട്ട നി. വ. ദി.ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കാലംചെയ്ത തിരുമേനിയുടെ മൃതശരീരം സന്ദർശിച്ചു. ഏകദേശം ഒൻപതുമണിയോടുകൂടി പഴയസിമ്മനാരിയിലെ ശുശ്രൂഷ അവസാനിക്കുകയും ഉടൻതന്നെ മൃതശരീരം കോട്ടയം എം. ഡി. സിമ്മനാരിയിലെ ഏലിയാ ചാപ്പലിലേക്കു കൊണ്ടുപോകയും ചെയ്തു. കബറടക്കശുശ്രൂഷയുടെ രണ്ടാംഭാഗം ഏലിയാ ചാപ്പലിന്റെ മുൻഭാഗത്തായി തയ്യാർ ചെയ്യപ്പെട്ടിരുന്ന വിശാലമായ പന്തലിൽവച്ചു് വന്ദ്യതിരുമേനിമാർ പൂർത്തിയാക്കി. അനന്തരം കാലംചെയ്ത തിരുമേനിയുടെ മൃതശരീരം പ്രതിഷ്ഠിച്ചിരുന്ന രഥമുൾപ്പെടെ കുരുത്തക്കൊടിധരിച്ച ഏകദേശം മുന്നൂറോളം കാറുകളുടെയും ഏതാനും ബസ്സുകളുടെയും അകമ്പടികളോടും ദുഃഖസൂചകമായ ബാൻറുമേളത്തോടുംകൂടിയുള്ള വിലാപയാത്ര ആരംഭിച്ചു. കോട്ടയം ഏലിയാചാപ്പൽമുതൽ പുത്തൻകാവ് വലിയപള്ളിവരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും ദിവംഗതനായ തിരുമേനിയെ ദർശിക്കുന്നതിനായി നാനാജാതിയിലുംപെട്ട അനേകായിരം സ്ത്രീപുരുഷന്മാർ കൈകൂപ്പി നിലകൊണ്ടിരുന്നു. മൃതശരീരം മലയാളമനോരമ ആഫീസിന്റെ പടിക്കലെത്തിയപ്പോൾ ശ്രീ. കെ. സി.മാമ്മൻ മാപ്പിള അശ്രുകലുഷിതനേത്രനായി സാദരം രഥത്തോടു സമീപിച്ചു് ഒരു പുഷ്പമാല മൃതശരീരത്തിൽ അർപ്പിച്ചു. യാത്രാമദ്ധ്യേ ചിങ്ങവനം, പള്ളം, കുറിച്ചി, തിരുവല്ലാ, തിരുമൂലപുരം, ഉമയാററുകര, കല്ലിശ്ശേരി എന്നീ സ്ഥലങ്ങളിൽ കുരുത്തക്കൊടി കുരിശു മുതലായവ ധരിച്ച അനേകം ഭക്തജനങ്ങൾ മൃതശരീരം ദർശിക്കുകയുണ്ടായി. വിലാപയാത്ര ചെങ്ങന്നൂർ ബഥേൽ അരമനയിൽ എത്തിയപ്പോഴേക്കും മണി പന്ത്രണ്ടായി. ജനാവലി നിയന്ത്രണാതീതവുമായി. പന്ത്രണ്ടര മണിക്കു ബഥേലിൽ നിന്നും വിലാപയാത്ര വീണ്ടും തുടർന്നു. തിരുമേനിയുടെ മൃതശരീരം സ്വദേശമായ പുത്തൻകാവു തെരുവിലെത്തിയപ്പോഴേക്കും ഇരുവശങ്ങളിലുമുള്ള വീടുകളുടെ പടിക്കൽ നിന്നുകൊണ്ടു സ്ത്രീകളും കുഞ്ഞുങ്ങളും സന്താപപൂരമായി വാവിട്ടു കരഞ്ഞു. കാണികൾ പതിനായിരക്കണക്കിനു വർദ്ധിച്ചു. ചെങ്ങന്നൂരിലും പരിസരങ്ങളിലുമുള്ള പല ഹൈന്ദവ പ്രമാണികൾ ഈ വിലാപയാത്രയിൽ പങ്കുകൊണ്ടു. മൃതശരീരം പുത്തൻകാവു് വലിയപള്ളിമുററത്തു് എത്തിയപ്പോഴേക്കും ജനങ്ങളുടെ സംഖ്യ ഏകദേശം അറുപതിനായിരത്തോളമായി. പള്ളിമുററം അത്രയും അതിവിശാലമായ ഒരു പന്തൽ തന്നെ സജ്ജീകരിച്ചിരുന്നു. കാലംചെയ്ത തിരുമേനിയുടെ മൃതശരീരം ദർശിക്കുന്നതിനായി തിരുമേനിയുടെ ഗുരുഭൂതനും, തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പുമായ നി.വ.ദി.ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടും കഥാപുരുഷന്റെ സുഹൃത്തും സതീർത്ഥ്യനുമായിരുന്ന നി.വ.ദി.ശ്രീ മാർ സേവേറിയോസ് മെത്രാപ്പോലീത്താതിരുമേനിയും പള്ളിയിൽ സന്നിഹിതരായിരുന്നു. ചെങ്ങന്നൂരിൽ നിന്നു പുത്തൻകാവിലേക്കുള്ള യാത്രാമദ്ധ്യേ ഡോ. ടി. കെ. വറുഗീസ്, റിട്ട. ഹൈക്കോടതി ജഡ്ജി മി. കെ. കെ. ചാക്കോ, ബാർ–അററ്–ലോ തുടങ്ങിയവർ മൃതശരീരത്തിൽ പുഷ്പഹാരങ്ങൾ അർപ്പിച്ചു.

പുത്തൻകാവ് വലിയപള്ളിയിൽ എത്തിയശേഷം തിരുമേനിയുടെ മൃതശരീരം പള്ളിയകത്തുകൊണ്ടുപോവുകയും നി.വ.ദി.ശ്രീമാന്മാരായ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ, നി.വ.ദി.ശ്രീ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിലും കശീശന്മാരും, ശെമ്മാശ്ശന്മാരും ഉൾപ്പെട നൂറിൽപ്പരം വൈദികന്മാരുടെ സഹകരണത്തിലും കബറടക്കശുശ്രൂഷ ആരംഭിച്ചു. കബറടക്കം സംബന്ധിച്ചുള്ള പ്രത്യേക ശുശ്രൂഷകൾക്കുശേഷം നഗരികാണിക്കൽ എന്ന ഹൃദയസ്പർശകമായ പരിപാടിയും നിർവഹിക്കപ്പെട്ടു. ഏകദേശം രണ്ടുമണിയോടുകൂടി തിരുമേനിയുടെ മൃതശരീരം കബറടക്കശുശ്രൂഷ കാണാൻ വന്നിരുന്ന വമ്പിച്ച ജനസമൂഹത്തിന്റെ ദർശനത്തിനായി പള്ളിയങ്കണത്തിലെ പന്തലിൽ സ്ഥാപിച്ചിരുന്ന ഉന്നതപീഠത്തിൽ പ്രതിഷ്ഠിച്ചു. അനന്തരം മൃതശരീരം പുത്തൻകാവു വലിയപള്ളിയുടെ മദ്ബഹായുടെ തൊട്ടു വടക്കുഭാഗത്തു സജ്ജീകരിച്ചിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെട്ടു. സംസ്കാരത്തിനു മുമ്പായി ദിവ്യശ്രീ ററി. എസ്. ഏബ്രഹാം കത്തനാർ ബി.ഏ.എൽ.ററി. കൊച്ചുതിരുമേനി എന്ന അപരാഭിധാനത്താൽ മലങ്കരയെങ്ങും അറിയപ്പെട്ടിരുന്ന നി.വ.ദി.ശ്രീ പീലക്സിനോസ് തിരുമേനി കുന്നംകുളത്തേക്കു പോയതുമുതൽ തിരുമേനിയുടെ ആകസ്മികമായ നിര്യാണംവരെയുള്ള വൃത്താന്തങ്ങൾ ഒരു പ്രസംഗമുഖേന പൊതുജനങ്ങളെ അറിയിക്കുകയുണ്ടായി. ഏകദേശം മൂന്നുമണിയോടുകൂടി തിരുമേനിയുടെ മൃതശരീരസംസ്കാരം സംബന്ധിച്ചുള്ള എല്ലാപരിപാടികളും സമാപിച്ചു.



**1951 ഏപ്രിൽ 19 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**

# കാലംചെയ്ത മാർ പീലക്സിനോസ് തിരുമേനി

## ഭക്തിനിർഭരമായ ശ്രാർദ്ധമടിയന്തിരം

## ഒൻപതിനായിരംപേർക്കു വിപുലമായ സദ്യ നൽകപ്പെട്ടു

(സ്വന്തം ലേഖകൻ)   പുത്തൻകാവ്, ജൂൺ 4



കാലം ചെയ്ത മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശ്രാർദ്ധമടിയന്തിരം മെയ് 28, 29 എന്നീ തീയതികളിൽ ഏറ്റവും വിജയപ്രദമായി കൊണ്ടാടപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് അതിവിപുലമായ ഒരു വോളണ്ടിയർ സംഘത്തെ കാലേകൂട്ടിത്തന്നെ രൂപീകരിക്കയുണ്ടായി. ഇടവകയെ പല ബ്ലോക്കുകളായി തിരിച്ചു 7്ാപാ അതിവാചകം ചെയ്യുന്നതിനുള്ള ചുമതല ഓരോ ബ്ലോക്കിൽ ഉൾപ്പെട്ട ഇടവകജനങ്ങളെ ഏല്പിച്ചിരുന്നു. അടിയന്തിരം ആരംഭിക്കുന്നതിനു മൂന്നു ദിവസം മുമ്പുതന്നെ ഏകദേശം 1000 പേർക്കു ഇരുന്നു ഭക്ഷണം കഴിക്കാവുന്ന ഒരു കൊട്ടിൽ സ്ഥലം മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ മുൻവശത്തു തയ്യാറാക്കപ്പെട്ടിരുന്നു. മെയ് 27-ാം തീയതിയോടുകൂടി നി. വ. ദി. ശ്രീമാന്മാരായ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരും വന്ദ്യദിവ്യശ്രീ തിരുവാ. കോട്ടറമ്പാച്ചനും മാരേട്ടറമ്പാച്ചനും സ്ഥലം ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ എത്തുകയുണ്ടായി. മെയ് 28-ാംനു രാവിലെ എട്ടുമണിക്കു മൂന്നിന്മേൽ കുർബാനയും വൈകിട്ട് ഏഴുമണിക്കു സന്ധ്യാനമസ്കാരവും നടത്തപ്പെട്ടു. ഉടനെ നി. വ. ദി. ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു "മരിച്ചുപോയ പരിശുദ്ധന്മാരെക്കുറിച്ചുള്ള ഓർമ്മ" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം ചെയ്തു. പ്രസംഗപീഠം തയ്യാറാക്കപ്പെട്ടിരുന്നതു കാലംചെയ്ത നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറിങ്കലായിരുന്നു. പ്രസംഗത്തിനു ശേഷം അന്യ ഇടവകകളിൽനിന്നും വന്നുചേർന്ന വൈദികന്മാർക്കും പ്രതിനിധികൾക്കും വേണ്ടിയുള്ള സദ്യ നടന്നു. മെയ് 29-ാംനു രാവിലെ ഏഴുമണിമുതൽ പുത്തൻകാവു വലിയപള്ളിയിൽ ഏഴിന്മേൽ കുർബാന ആരംഭിച്ചു. ഈ കുർബാനയിൽ മൂന്നു മെത്രാപ്പോലീത്തന്മാരും രണ്ടു റമ്പാന്മാരും രണ്ടു പട്ടക്കാരും കാർമ്മികന്മാരായിരുന്നു. പള്ളിയിലും പള്ളിയങ്കണത്തിലുമായി ഏകദേശം ഏഴായിരംപേർ കുർബാന കാണുന്നതിനു കൂടിയിരുന്നു. കുർബാനയ്ക്കുശേഷം ഏകദേശം ഒരുമണിക്കൂർനേരം പരിശുദ്ധ കബറിങ്കൽ ധൂപാർപ്പണവും നേർച്ചയിടീലും നടന്നു.

പത്തരമണിക്കു സദ്യ ആരംഭിച്ചു. സദ്യയുടെ പരിപാടികൾ അപ്പപ്പോൾ ഉച്ചഭാഷിണിവഴി വാളണ്ടിയർക്യാപ്റ്റൻ പൊതുജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. പത്തരമണിക്ക് ആരംഭിച്ച സദ്യ ഉച്ചകഴിഞ്ഞു മൂന്നുമണിയോടുകൂടി മംഗളമായി അവസാനിച്ചു. ഏകദേശം ഒൻപതിനായിരം സ്ത്രീപുരുഷന്മാർ സദ്യയിൽ സംബന്ധിച്ചു. സദ്യസ്ഥലത്തും പരിസരങ്ങളിലും ഒരു വമ്പിച്ച ജനതതി തിങ്ങിക്കൂടിയിരുന്നു എങ്കിലും കാലം ചെയ്ത പരിശുദ്ധനെക്കുറിച്ചുള്ള സ്മരണകൊണ്ട് എല്ലാവരും പരിപൂർണ്ണ അച്ചടക്കം പാലിച്ചിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

1951 ജൂൺ 4 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.



# മലങ്കരസഭയുടെ യുവചൈതന്യത്തിന് ആത്മീയതയുടെ നൂറുവർഷം

തിരുവല്ല: അജഗണങ്ങൾ എക്കാലവും അരുമയോടെ മനസിൽ കാത്തുസൂക്ഷിക്കുന്ന പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സിനോസിൻെറ ജന്മശതാബ്ദി വന്നണയുന്നു. മലങ്കര സഭാചരിത്രത്തിലെ ഈ ഉജ്വല താരത്തിൻെറ ജന്മശതാബ്ദി ആഘോഷങ്ങൾ പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹൈസ്കൂളിൽ പത്തിനു പരിശുദ്ധ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും.

പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന മാർ പീലക്സിനോസ് കാലം ചെയ്ത കുന്നംകുളം മരുത്തംകോട്ടു ചാപ്പലിൽനിന്ന് പതാകാ സ്വീകരണം ആരംഭിച്ചു. മെത്രാപ്പോലീത്തായുടെ ജന്മഭവനമായ കിഴക്കേത്തലയ്ക്കലെ ഭദ്രദീപത്തിൽനിന്നു കൊളുത്തുന്ന ദീപശിഖ ഞായറാഴ്ച പ്രയാണം ആരംഭിക്കും. ചൊവ്വാഴ്ച ചേരുന്ന സമ്മേനളത്തിൽ ഫാ. മാത്യു കോശി തയാറാക്കിയ മെത്രാപ്പോലീത്തായുടെ ജീവചരിത്രം മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു പ്രകാശനം ചെയ്യും.

മലങ്കര ഓർത്തഡോക്സ് സഭയുടെ യുഗശില്പിയായിരുന്നു ഗീവർഗീസ് മാർ പീലക്സിനോസ്. 1930-51 വരെ ഓർത്തഡോക്സ് സഭയുടെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന അദ്ദേഹം 53-ാം വയസിൽ 1951 ഏപ്രിൽ 17-ന് കാലം ചെയ്യുമ്പോൾ ഓർത്തഡോക്സ് സഭാ നഭോമണ്ഡലത്തിൽ പ്രകാശം പരത്തിനിന്നിരുന്ന ഒരു ദിവ്യതേജസാണ് അണഞ്ഞുപോയത്. ഉജ്വലനായ വാഗ്മിയായും മധുര ഗായകനായും അദ്ദേഹം വിശ്വാസികളുടെ ഹൃദയത്തിൽ മായാത്ത മുദ്രപതിച്ചു.

അനേകരെ സഭാ പ്രവർത്തനത്തിലേക്ക് ആകർഷിച്ച വിശിഷ്ട വ്യക്തിത്വമായിരുന്നു മെത്രാപ്പോലീത്തായുടേത്. അവരിൽ പലരും പിന്നീട് സഭാധ്യക്ഷന്മാരായി വളർന്നു.

പ്രസിദ്ധമായ കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ നാൽപ്പത്തിരണ്ടാമത്തെ പുരോഹിതനായ മാർ പീലക്സിനോസ് 1897 ജൂൺ പത്തിനാണ് ജനിച്ചത്. ഹൈസ്കൂൾ വിദ്യാർഥിയായിരിക്കെ മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ മാർ ദിവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. കോട്ടയം സി. എം. എസ്. കോളജിൽനിന്ന് ഇൻറർമീഡിയറ്റ് കഴിഞ്ഞശേഷം സെറാമ്പൂർ കോളജിലായിരുന്നു വൈദിക വിദ്യാഭ്യാസം.

പുസ്തകങ്ങൾ വായിക്കാനുള്ള താൽപര്യവും പ്രസംഗചാതുരിയും കൊണ്ട് പഠനകാലങ്ങളിൽ ശ്രദ്ധേയനായ അദ്ദേഹം ബി. ഡി. ബിരുദം സമ്പാദിച്ചശേഷം കോട്ടയം എം. ഡി. സെമിനാരിയിൽ കുറെ വർഷങ്ങൾ അധ്യാപകനായി ജോലി നോക്കി. കൽക്കട്ടയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ. ഡിഗ്രി സമ്പാദിച്ചതിനു പിന്നാലെ കശീശാ പട്ടവും സ്വീകരിച്ചു. 1930 നവംബർ രണ്ടിന് പരുമല പെരുനാൾ ദിനത്തിലാണ് കെ. ടി. ഗീവർഗീസ് റമ്പാൻ മാർ പീലക്സിനോസ് എന്ന നാമത്തിൽ തുമ്പമൺ ഭദ്രാസനത്തിൻെറ എപ്പിസ്കോപ്പായായി അഭിഷിക്തനാകുന്നത്.

സ്വന്തം ഭദ്രാസനത്തെക്കാൾ ഉപരി സഭയെ ആകമാനം സ്നേഹിക്കുന്നൊരു ആത്മീയ പിതാവിനെ അന്നു സഭയ്ക്കു ലഭിച്ചു. ആ തണലിൽ വിശ്വാസികൾ പിന്നീട് ആശ്വാസത്തിൻെറ തെളിനീരുറവ കണ്ടു.

പുത്തൻകാവിൽ മാർ പീലക്സിനോസിൻെറ ഇടവക സന്ദർശനം ഭക്തജനങ്ങൾക്ക് ആത്മീയാനുഭൂതിയുടെ സ്വർഗീയ സുഖം പ്രദാനം ചെയ്യുന്നവയായിരുന്നു. മലങ്കര സഭയിൽ ഇദംപ്രഥമമായി ശമ്പളപദ്ധതി ഏർപ്പെടുത്തിയ അദ്ദേഹം പ്രായമായ വൈദികരെ പെൻഷൻ നൽകി ആദരിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ, പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹൈസ്കൂൾ എന്നിവയ്ക്ക് തുടക്കം കുറിച്ചതും മാർ പീലക്സിനോസ് ആയിരുന്നു.

വിശ്വാസികളുടെ ഇടയിൽ ഭിന്നിപ്പിൻെറയും അസ്വസ്ഥതയുടെയും കാർമേഘങ്ങൾ പടർന്നപ്പോൾ ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ ധീരമായി നേതൃത്വം നൽകിയ ആത്മീയ തേജസായിരുന്നു അദ്ദേഹം. മലങ്കര സഭയിൽ കൺവൻഷന് തുടക്കമിട്ട അദ്ദേഹത്തിന് യോഗങ്ങൾ ആവേശവും ലഹരിയുമായിരുന്നു. നുറുങ്ങു കഥകളിലൂടെ ശ്രോതാക്കളെ ആകർഷിക്കാനുള്ള കഴിവ് അപാരമായിരുന്നു. അദ്ദേഹത്തിൻെറ മധുരമായ ഗാനാലാപനത്തിൽ ലയിച്ചു ചേരാത്തവരുണ്ടായിരുന്നില്ല.

തൊട്ടതെല്ലാം പൊന്നാക്കിയ മാർ പീലക്സിനോസായിരുന്നു സഭയുടെ ആദ്യ കോളജായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സ്ഥാപിക്കാൻ മുൻകൈ എടുത്തത്. അദ്ദേഹത്തിൻെറ കാലശേഷമായിരുന്നു പക്ഷേ അംഗീകാരം ലഭിച്ചത്.

വിശ്വാസികളിൽ സഭാ വിശ്വാസവും തിരുവചനവും ഊട്ടിയുറപ്പിക്കാനായി കേരളത്തിൻെറ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഓടിനടന്ന അദ്ദേഹം കാലം ചെയ്യുന്നതിന് രണ്ടു ദിവസം മുൻപ് കാതോലിക്കാ ദിനത്തിൽ കുന്നംകുളത്ത് പഴയ പള്ളിപ്പറമ്പിൽ ചെയ്ത പ്രസംഗം ചരിത്ര പ്രസിദ്ധം. കാതോലിക്കേറ്റിൻെറ മാഹാത്മ്യത്തെപ്പറ്റി നടത്തിയ ആ ഉജ്വല പ്രഭാഷണം സഭാമക്കൾക്ക് ഇന്നും ആവേശമാണ്.

മടക്കയാത്രയിൽ അസുഖ ബാധിതനായ അദ്ദേഹം മരുത്തംകോട്ട് ചാപ്പലിൽ വിശ്രമിക്കവേയാണ് കാലം ചെയ്തത്. അജപാലനത്തിൻെറ കർമ്മപഥത്തിൽ ആത്മീയ വിശുദ്ധിയുടെ പ്രകാശം പരത്തി ശോഭിച്ച മെത്രാപ്പോലീത്തായുടെ ജീവിതം അനേകർക്ക് ഇന്നും പ്രചോദനമാണ്. പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ദേഹത്തിൻെറ സ്നേഹവും വാൽസല്യവും ഏറെ അനുഭവിച്ചറിഞ്ഞതാണ്.

---

മലങ്കര സഭയുടെ ആറാം കാതോലിക്കായായി അഭിഷിക്തനാകുന്നതിൻെറ തലേന്ന് മാർ പീലക്സിനോസിൻെറ കബറിങ്കൽ വന്ന് നിറകണ്ണുകളോടെ പരിശുദ്ധ ബാവാ അനുഗ്രഹം തേടിയിരുന്നു.

കുന്നംകുളം മരുത്തംകോട്ട് ചാപ്പലിൽ മാർ പീലക്സിനോസ് ജീവൻ വെടിഞ്ഞ മുറി ഇപ്പോൾ അനേകർക്ക് ആശ്വാസം നൽകുന്ന പ്രാർഥനാ മുറിയാണ്; കബറിടവും അനേകർക്ക് ആശ്രയവും ആശ്വാസവുമാണ്.

ഏപ്രിൽ 17, 18 തീയതികളിൽ അദ്ദേഹത്തിൻെറ ഓർമ്മപ്പെരുനാൾ പുത്തൻകാവ് കത്തീഡ്രലിൽ ആചരിക്കുന്നു. മലങ്കരയുടെ നാനാഭാഗത്തുനിന്നും മെത്രാപ്പോലീത്തായെ നേരിൽകണ്ട് അനുഭവിച്ചറിഞ്ഞ പഴയ തലമുറ ഓർമ്മപ്പെരുനാളിന് അദ്ദേഹത്തിൻെറ അനുഗ്രഹം തേടി കബറിങ്കൽ എത്തുന്നു.

1997 ജൂൺ 8 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.



# പുത്തൻകാവ് കൊച്ചുതിരുമേനി യുഗപുരുഷൻ: അലക്സാണ്ടർ

ചെങ്ങന്നൂർ : തുമ്പമൺ ഭദ്രാസനാധിപനായിരുന്ന് മലങ്കരയുടെ മുഴുവൻ മെത്രാപ്പോലീത്തയായി മാറിയ യുഗപുരുഷനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്നു മഹാരാഷ്ട്രാ ഗവർണർ ഡോ.പി.സി അലക്സാണ്ടർ പ്രസ്താവിച്ചു. പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സിനോസിന്റെ ജന്മശതാബ്ദി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തന്റെ വിദ്യാർത്ഥി ജീവിതകാലത്തും ഉദ്യോഗകാലത്തും വലിയ അഭ്യുദയകാംക്ഷിയും സ്നേഹവാത്സല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തയാളായിരുന്നു അദ്ദേഹമെന്ന് ഡോ.അലക്സാണ്ടർ സ്മരിച്ചു. തിരിഞ്ഞു നോക്കുമ്പോൾ പഴയ തലമുറയിൽ നിറഞ്ഞു നിന്ന് അത്യുജ്വല പ്രതിഭാസമായിരുന്നു കൊച്ചുതിരുമേനി. ആരേയും വശീകരിക്കുന്ന അദ്ദേഹത്തിന്റെ വാഗ്മിത്വവും സ്വർഗ്ഗീയ സുഖം പ്രദാനം ചെയ്യുന്ന ആരാധനാ രീതികളും ഭക്തിയും ഗീതവും ഇടകലർന്ന പ്രഭാഷണങ്ങളും മനസ്സിൽ നിന്ന് മായുന്നില്ല. ലൈൻ ബസ്സുകളിൽ ഓടി നടന്ന് പള്ളിത്തിണ്ണകളിൽ അന്തിയുറങ്ങി കാപ്പിക്കടകളിൽ നിന്ന് വാങ്ങിക്കൊണ്ടുവരുന്ന ആഹാരം കഴിച്ചും ആരോഗ്യം മറന്ന് തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കാനായി അദ്ദേഹം അലഞ്ഞു നടന്നു. ഡോക്ടർമാരുടെ ഉപദേശം അദ്ദേഹം കേട്ടിരുന്നു

വെങ്കിൽ... കുറേക്കാലം വിശ്രമിച്ചിരുന്നുവെങ്കിൽ.. എന്നെല്ലാം ഇപ്പോൾ ആശിച്ചു പോകുന്നു.

കുർബാന സമയം അസാധാരണമായ ആത്മ ശക്തിയിൽ നിറയുമായിരുന്ന അദ്ദേഹത്തിന്റെ പ്രാർഥനകളുടെ ലയം അനുഭവിക്കേണ്ടതു തന്നെയായിരുന്നു. ഭക്തിയും സംഗീതവും സമന്വയിപ്പിക്കുന്ന ആരാധനാ ശൈലി എല്ലാവരേയും ആകർഷിച്ചിരുന്നുവെന്നു ഡോ. അലക്സാണ്ടർ പറഞ്ഞു.

മാർ പീലക്സിനോസിന്റെ ജന്മ ഭവനമായ കിഴക്കേത്തലക്കൽ ഭവനത്തിൽനിന്നു കൊളുത്തിക്കൊണ്ടുവന്ന ദീപശിഖയിൽനിന്നു തിരി പകർന്നു ഡോ. പി.സി.അലക്സാണ്ടർ നിലവിളക്കു തെളിയിച്ച് ഉദ്ഘാടനം നിർവഹിച്ചു.

നിയുക്ത കാതോലിക്ക തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. ശത്രുതയുള്ളവരെ സ്നേഹിച്ചു കീഴ്പ്പെടുത്തുന്ന സ്വഭാവമായിരുന്നു തിരുമേനിയുടേതെന്ന് അദ്ദേഹം പറഞ്ഞു.

സ്വധർമം വിശ്വധർമമാണെന്നു തെറ്റിധരിച്ചു ജീവിക്കുന്നവർക്കിടയിൽ വിശ്വധർമം സ്വധർമമായി കരുതി ജീവിച്ചയാളാണു പുത്തൻ കാവിൽ കൊച്ചു തിരുമേനിയെന്നു ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത അനുസ്മരിച്ചു. ഏത് ഒഴുക്കിലും സഭാ നൗകയെ ഉദ്ദേശിച്ച കടവിൽ അടുപ്പിക്കാൻ തിരുമേനിക്കു കഴിഞ്ഞു.

ജനിച്ചപ്പോൾ മുതൽ ദൈവനിയോഗം ഉണ്ടായിരുന്ന കൊച്ചുതിരുമേനിയെ ഗർഭം മുതൽ ദൈവം തെരഞ്ഞെടുത്ത ആളായിരുന്നുവെന്നു തിരുമേനിയുടെ സഹോദര പുത്രനും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസ്യോസ് പറഞ്ഞു. ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. കെ.എം. തരകൻ, ഫാ. ജോൺ ദാനിയൽ എന്നിവർ പ്രസംഗിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവയുടെ സന്ദേശം ഫാ. ജോൺ ദാനിയൽ വായിച്ചു. ഗീവർഗീസ് മാർ ദിയസ്ക്കോറോസ്. ഉമ്മൻ ചാണ്ടി എം.എൽ.എ. എന്നിവർ പങ്കെടുത്തു.

പുത്തൻകാവ് കൊച്ചുതിരുമേനിയെപ്പറ്റി ഫാ.മാത്യുകോശി രചിച്ച ഗ്രന്ഥം ചടങ്ങിൽ മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു പ്രകാശനം ചെയ്തു. അഗ്നി

പരീക്ഷകളുടെ നാളുകളിൽ സഭയെ നയിക്കാൻ ദൈവം നിയോഗിച്ച പ്രകാശഗോപുരമായിരുന്നു പുത്തൻ കാവിൽ കൊച്ചുതിരുമേനിയെന്നു ജേക്കബ് മാത്യു പറഞ്ഞു. സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്ത സ്വർഗീയ തേജസായിരുന്നു തിരുമേനി. ഗ്രന്ഥത്തിന്റെ ആദ്യപ്രതി നിയുക്ത കാതോലിക്ക ഏറ്റുവാങ്ങി.

ചടങ്ങിനു മുൻപായി പുത്തൻ കാവ് ഓർത്തഡോക്സ് പള്ളിയിൽനിന്നു വിശിഷ്ടാതിഥികളെ സമ്മേളന വേദിയിലേക്ക് സ്വീകരിച്ചാനയിച്ചു. വൈദികരും കൊച്ചുകുട്ടികളും സ്ത്രീകളും അടക്കം നൂറുക്കണക്കിനു പേർ ജന്മദിനാഘോഷയാത്രയിൽ പങ്കുകൊണ്ടു.

ജന്മശതാബ്ദി സമ്മേളനത്തിന് എത്തിച്ചേർന്ന ഡോ. പി.സി. അലക്സാണ്ടറെയും വിശിഷ്ടാതിഥികളെയും തോമസ് മാർ അത്താനാസ്യോസ്, ഫാ.ജോൺ ദാനിയൽ, ജനറൽ കൺവീനർ പി.ഇ.ഐപ്പ്, ഏബ്രഹാം തോമസ്, സുനിൽ പി. ഉമ്മൻ , ടി.സി. ചാക്കോ എന്നിവർ ചേർന്നു സ്വീകരിച്ചു.



പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മശതാബ്ദി ആഘോഷം പുത്തൻകാവിൽ മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യുന്നു. മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പൊലീത്ത, ഫിലിപ്പോസ് മാർ യൗസേബിയോസ്, നിയുക്ത കാതോലിക്ക തോമസ് മാർ തിമോത്തിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഡോ. കെ.എം. തരകൻ തുടങ്ങിയവർ സമീപം. -മനോരമ.

**1997 ജൂൺ 11 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**

# അനശ്വരമായ ഓർമകൾക്ക് അരനൂറ്റാണ്ട്

**നി**ത്യതയുടെ അനശ്വരതീരത്തുനിന്നു വിശ്വാസികളുടെ മനസ്സിലേക്കൊഴുകുന്ന അനുഗ്രഹപ്രവാഹമായ പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ഓർമകൾക്ക് അരനൂറ്റാണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയെ രണ്ടു പതിറ്റാണ്ടോളം വഴിതെളിച്ച മാർ പീലക്സിനോസ് നിത്യതയിലേക്കു പിൻവാങ്ങിയിട്ട് ഈ 17ന് അൻപതുവർഷം തികയുകയാണ്.

മലങ്കരസഭയുടെ യുഗശിൽപ്പി, യുഗപുരുഷൻ, യുവചൈതന്യം, പ്രകാശം പരത്തുന്ന വ്യക്തിത്വം എന്നീ വിശേഷണങ്ങൾക്കപ്പുറം ക്രൈസ്തവ ഇടയദൗത്യത്തിന്റെ ലാളിത്യവും താഴ്മയും മൂടുപടമിട്ട ആ ജീവിതം കർമവൈവിധ്യംകൊണ്ടും നേതൃഗുണംകൊണ്ടും സഭയ്ക്കും സമൂഹത്തിനും മാർഗദർശകമായിരുന്നു.

വിശ്വാസഗോപുരങ്ങളെ ഉലയ്ക്കുന്ന കാറ്റിലും കോളിലുംപെട്ട സഭാനൗകയെ ലക്ഷ്യബോധത്തിന്റെ ഉത്തമതീരത്തേക്കു നയിച്ച ധ്രുവനക്ഷത്രമായിരുന്നു മാർ പീലക്സിനോസ്. ഇമ്പമാർന്ന ശബ്ദത്തിന് ഉടമകൂടിയായിരുന്നതിനാൽ ആരാധന അതീവഹൃദ്യമായിരുന്നു.

സുറിയാനിയിലും മലയാളത്തിലും അദ്ദേഹം ആരാധന ചൊല്ലുമ്പോൾ വാക്കുകൾ സ്വർഗത്തോളം ഉയരുമായിരുന്നു.

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയും സമുദ്രങ്ങളും

സ്വർഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും....

എന്ന ചൊല്ലിലൂടെ വിശ്വാസം വാക്കുകളായി ഒഴുകി.

കുറവിലങ്ങാട് കഴിഞ്ഞാൽ പഴയകാലത്തു നസ്രാണികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർത്തിരുന്ന ഗ്രാമമാണു ചെങ്ങന്നൂരിനടുത്തുള്ള പമ്പാതീരത്തെ പുത്തൻകാവ്. നിരണം, കുറവിലങ്ങാട്, നിലയ്ക്കൽ എന്നിവിടങ്ങളിൽനിന്ന് ഇവിടേക്കു നൂറ്റാണ്ടുകൾക്കുമുമ്പേ ക്രൈസ്തവ കുടിയേറ്റമുണ്ടായി.



മാർ പീലക്സിനോസ്

ഇവിടെ 1793ൽ മാർത്തോമ്മാ ആറാമന്റെ കാലംമുതൽ ആരാധനാലയമുണ്ട്.

പുത്തൻകാവിലെത്തുന്ന മലങ്കരസഭാ പിതാക്കന്മാരെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്ന കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെ രണ്ടാമത്തെ പുത്രനായ കെ. ടി. വർഗീസാണ് പിന്നീടു പുത്തൻകാവിൽ കൊച്ചുതിരുമേനിയായത്.

പരുമലത്തിരുമേനിയുടെ ശിഷ്യനായിരുന്നു തോമസ് കത്തനാർ.

1897 ജൂൺ പത്തിനാണ് മാർ പീലക്സിനോസിന്റെ ജനനം. പുത്തൻകാവ്, മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ സ്കൂൾപഠനം. 1916ൽ കുണ്ടറ സെമിനാരിയിൽ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ശെമ്മാശുപട്ടം നൽകി.

കോട്ടയം സി. എം. എസ്. കോളജിൽനിന്ന് ഇന്റർമീഡിയറ്റും കൽക്കട്ട സെറാമ്പൂർ കോളജിൽനിന്നു ബി. ഡിയും നേടിയശേഷം 1922ൽ കോട്ടയം എം. ഡി. സ്കൂൾ അധ്യാപകനായി. 1926ൽ കൽക്കട്ടയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ. നേടിയശേഷം ഗീവർഗീസ് ശെമ്മാശൻ 1928ൽ പുത്തൻകാവ് സ്കൂൾ ഹെഡ്മാസ്റ്ററായി.

പൂർണ ശെമ്മാശുപട്ടവും വൈദിക സ്ഥാനവും 1929ൽ ലഭിച്ചപ്പോൾ കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ 41-ാമത്തെ വൈദികനായിരുന്നു കെ. ടി. വർഗീസ്. വട്ടശേരിൽ തിരുമേനിയുടെ അരുമശിഷ്യനെന്നും ഇദ്ദേഹം അറിയപ്പെട്ടു. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ 1929ൽ റമ്പാനായി അഭിഷേകംചെയ്തു. 1930ൽ പരുമലയിൽ പെരുനാളിനിടെയാണ് ഗീവർഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ ബിഷപ്പായി അവരോധിക്കപ്പെടുന്നത്.

തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലയായിരുന്നു ആദ്യ നിയോഗം. അന്നു പ്രായം 33. നാലുവർഷം കഴിഞ്ഞ് 1934ൽ മാർ പീലക്സിനോസിനെ മെത്രാപ്പോലീത്തയാക്കി. 1930 മുതൽ '51 വരെ തുമ്പമൺ ഭദ്രാസനച്ചുമതല നിർവഹിച്ച മാർ പീലക്സിനോസ് 53-ാം വയസ്സിൽ 1951 ഏപ്രിൽ 17നു കാലംചെയ്തു.

പത്തനംതിട്ട കാതോലിക്കറ്റ് ഹൈസ്കൂൾ, പുത്തൻകാവ് മെട്രോപ്പൊലിറ്റൻ സ്കൂൾ എന്നിവയ്ക്കു തുടക്കമിട്ട പീലക്സിനോസ് തൊട്ടതെല്ലാം പൊന്നാക്കുന്ന കരങ്ങൾക്കുടമയായിരുന്നു.

മലങ്കരസഭയിൽ അസ്വസ്ഥതകളുടെ കാർമേഘം പടർന്നപ്പോൾ കൺവൻഷൻ പ്രസംഗങ്ങളിലൂടെ ആയിരങ്ങൾ വിശ്വാസത്തിൽ ഉറച്ചുനിന്നത് മാർ പീലക്സിനോസിന്റെ ലളിതമായ വാക്കുകൊണ്ടും ഉപമകൊണ്ടും ഹൃദയത്തിലേക്കിറങ്ങുന്ന വിശ്വാസതീക്ഷ്ണതകൊണ്ടുമായിരുന്നു.

2001 ഏപ്രിൽ 15 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

# പുത്തൻകാവ് കൊച്ചുതിരുമേനി സഭയുടെ ദിവ്യതേജസ്

ചെങ്ങന്നൂർ: യുവജനങ്ങൾക്ക് ആത്മീയചൈതന്യം പകർന്ന പുത്തൻകാവ് കൊച്ചുതിരുമേനി സഭയുടെ ദിവ്യതേജസായിരുന്നെന്നു മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു അനുസ്മരിച്ചു.

ഗീവർഗീസ് മാർ പീലക്സിനോസ് ചരമവാർഷിക സുവർണ ജൂബിലി സമ്മേളനം പുത്തൻകാവ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വൈഷമ്യമേറിയ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന സഭയ്ക്ക് ഇന്ന് ചിന്തയിലും പ്രവൃത്തിയിലും യൗവനം നിലനിർത്തുന്നവരെയാണു വേണ്ടത്. തുമ്പമൺ ഭദ്രാസനാധിപനായിരുന്ന കൊച്ചുതിരുമേനി ഇതിന് ഉത്തമ മാതൃകയായിരുന്നു: കെ.എം. മാത്യു പറഞ്ഞു.

സമൂഹത്തിന്റെ വളർച്ചയ്ക്കു വിദ്യാഭ്യാസമാണ് ആവശ്യമെന്നു മുൻകൂട്ടി കണ്ടു സ്കൂളുകൾക്കും കോളജുകൾക്കും തുടക്കമിട്ട കൊച്ചുതിരുമേനി വിദ്യാഭ്യാസ കാര്യങ്ങളിൽ ദർശനമുള്ള ആളായിരുന്നുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് അഭിപ്രായപ്പെട്ടു.

ഭദ്രാസന ബിഷപ്പായിരുന്ന കാലത്ത് ഒരു പുരുഷായുസ് മുഴുവൻ ചെയ്യാനാവുന്ന കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞതാണ് കൊച്ചുതിരുമേനിയുടെ നേട്ടം. പുത്തൻകാവിൽ ഹൈസ്കൂൾ ആരംഭിക്കാൻ ശ്രമിച്ചപ്പോൾ വന്ന എതിർപ്പുകളെ പാവപ്പെട്ടവർക്കുവേണ്ടിയൊരു സ്കൂളെന്ന ആശയം ഉന്നയിച്ച് അദ്ദേഹം ന്യായീകരിച്ചു.

ആ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ് ഇന്നത്തെ മെട്രോപ്പൊലിറ്റൻ സ്കൂൾ.

പുലിക്കോട്ടിൽ തിരുമേനിക്കും പരുമല തിരുമേനിക്കുംശേഷം മലങ്കര സഭയിലെ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു കൊച്ചുതിരുമേനി. എങ്കിലും സഭ ഇന്നും അദ്ദേഹത്തിന് അനുയോജ്യമായ സ്മാരകം നൽകിയിട്ടില്ലെന്നു തോമസ് മാർ അത്താനാസിയോസ് പറഞ്ഞു.

യു.എ.ഇ. മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന കൊച്ചുതിരുമേനിയുടെ ജീവചരിത്രഗ്രന്ഥം കൊച്ചി ഭദ്രാസനാധിപൻ സഖറിയാസ് മാർ അന്തോനിയോസ് പ്രകാശനം ചെയ്തു.

സമൂഹത്തിൽ നന്മയുടെ സുഗന്ധം പരത്തി കടന്നുപോയ ആചാര്യനായിരുന്നു കൊച്ചുതിരുമേനിയെന്നു മാർ അന്തോനിയോസ് അനുസ്മരിച്ചു.

തുമ്പമൺ ഭദ്രാസന പ്രതിനിധി പി.ടി. മാത്യൂസ് കോറെപ്പിസ്കോപ്പ, കത്തീഡ്രൽ വികാരി ഫാ. ജോൺ പോൾ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഫാ. കെ.ജി. ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബഥേൽ അരമനയിൽനിന്നാരംഭിച്ച അനുസ്മരണ ഘോഷയാത്ര പുത്തൻകാവ് കത്തീഡ്രലിലെ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ സമാപിച്ചു.

ഫാ. ജോൺ പോൾ, എം.ജി ഏബ്രഹാം കോറെപ്പിസ്കോപ്പ, കോശി ജോർജ്, ചെറിയാൻ പി. ഉമ്മൻ, എൻ.വി തോമസ്, സുനിൽ പി. ഉമ്മൻ, ബാബു അലക്സാണ്ടർ തുടങ്ങിയവർ നേതൃത്വം നൽകി.



മനോരമ

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് ചരമവാർഷിക സുവർണ ജൂബിലി സമ്മേളനം മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു ഉദ്ഘാടനം ചെയ്യുന്നു. തെയോഫോറസ് റമ്പാൻ, ഫാ. കെ.ജി ചെറിയാൻ, സഖറിയാസ് മാർ അന്തോണിയോസ്, തോമസ് മാർ അത്താനാസിയോസ്, സുനിൽ പി. ഉമ്മൻ, ഫാ. ജോൺ പോൾ എന്നിവർ സമീപം.

**2001 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**

# സഭയുടെ ധ്രുവനക്ഷത്രം

### പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ

മലങ്കര സഭയുടെ ധ്രുവനക്ഷത്രമായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി 1897 ജൂൺമാസം 10-ാം തീയതി പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ തോമാകത്തനാരുടെയും റേച്ചലിൻെറയും ദ്വിതീയ പുത്രനായി ഭൂജാതനായി. ബിരുദാനന്തര ബിരുദവും ബി. ഡി. യും പാസായശേഷം സഭാസേവനത്തിനായി സമർപ്പിക്കപ്പെട്ടു. 33-ാമത്തെ വയസിൽ ഗീവർഗീസ് മാർ പീലക്സിനോസ് എന്ന അഭിധാനത്തിൽ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാൽ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്യപ്പെട്ടു. പ്രായക്കുറവുള്ള ആളാകയാൽ പുത്തൻകാവ് കൊച്ചുതിരുമേനി എന്നു വിളിക്കപ്പെട്ടു.


ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള സുന്ദരഗാത്രനായ ഒരു യുവാവ് സർവസംഗപരിത്യാഗിയായി കാഷായവസ്ത്രം സ്വീകരിച്ചു കഷ്ടതയുടെയും സേവനത്തിൻെറയും മാർഗമായ കുരിശ് അണിഞ്ഞതു ത്യാഗസന്നദ്ധത കൊണ്ടുമാത്രമാണ്.

ഓർത്തഡോക്സ് സഭയിലെ നേതൃനിരയിൽ പ്രശോഭിച്ചിരുന്ന ഒരു മെത്രാപ്പോലീത്താ റോമാസഭയെ ആശ്ലേഷിച്ചപ്പോൾ സഭയ്ക്കുണ്ടായ നഷ്ടം നികത്താൻ ഉദിച്ച ശുഭ്രനക്ഷത്രമായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. മലങ്കര മെത്രാപ്പോലീത്താ ആയ വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിൻെറയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും മാർഗദർശനത്തിൽ മലങ്കരസഭയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചു. അനേകരെ സഭാപ്രവർത്തനത്തിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സഭാമക്കളെ കാതോലിക്കേറ്റിൻെറ പിന്നിൽ അണിനിരത്തിയ മുന്നണിപ്പോരാളിയാണു കൊച്ചുതിരുമേനി.

സഞ്ചാരസൗകര്യങ്ങളൊക്കെ ചുരുക്കമായിരുന്ന ആ കാലത്തു വിശ്രമംകൂടാതെ നിരന്തരം സഞ്ചരിച്ചു പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചതു സ്വന്തം പേരിലല്ലായിരുന്നു. പിന്നെയോ കാതോലിക്കേറ്റിനുവേണ്ടി മാത്രമായിരുന്നു. ഒരു നിഷ്കാമ കർമയോഗിയെയാണു കൊച്ചുതിരുമേനിയിൽ കാണാൻ കഴിഞ്ഞത്.

ഓർത്തഡോക്സ് സഭയുടെ വൈശിഷ്ട്യം അതിൻെറ ആരാധനയിലാണ്. ഗാനങ്ങളാണ് ആരാധനയ്ക്കു ജീവൻ പകർന്നുകൊടുക്കുന്നത്. തിരുമനസിലെ മധുരഗാനാലാപം കേട്ടിട്ടുള്ളവർ അതൊരിക്കലും മറക്കുകയില്ല. ഉജ്വലമായ വാഗ്മിത്വംകൊണ്ടും മധുരഗാനാലാപംകൊണ്ടും സർവജനസമാരാധ്യനായി തിരുമേനി പരിലസിച്ചു.

1951 ഏപ്രിൽ മാസത്തിലെ കാതോലിക്കാദിനത്തിൽ കുന്നംകുളം ആർത്താറ്റു പള്ളിയിൽ കൂടിയ മഹാസമ്മേളനത്തിൽ കാതോലിക്കാ സിംഹാസനത്തിൻെറ പ്രസക്തിയെപ്പറ്റിയും സഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയും ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ ദീർഘനേരം പ്രസംഗിച്ചു. പോർക്കളത്തിൽ വീണു വീരചരമം പ്രാപിച്ച യോദ്ധാവാണു പുത്തൻകാവ് കൊച്ചുതിരുമേനി. പുത്തൻകാവ് സെൻറ് മേരീസ് കത്തീഡ്രലിലെ കബറിടം അശരണർക്ക് അത്താണിയായി പരിലസിച്ചുകൊണ്ടിരിക്കുന്നു.



ഗീവർഗീസ് മാർ
പീലക്സിനോസ്

---

2013 ഏപ്രിൽ 18 വ്യാഴം

## പുത്തൻകാവിൽ തിരുമേനി ഇനി 'കാതോലിക്കേറ്റ് രത്നദീപം'

**സ്വന്തം ലേഖകൻ**

ചെങ്ങന്നൂർ ● പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് ഇനി കാതോലിക്കേറ്റ് രത്നദീപം. പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ബഹുമാന നാമ പ്രഖ്യാപനം നടത്തുമ്പോൾ തിങ്ങിനിറഞ്ഞ നൂറുകണക്കിനു വിശ്വാസികൾക്ക് അതു സന്തോഷത്തിന്റെ നിമിഷമായി.

സഭയുടെ എല്ലാ തലങ്ങളിലും നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസിന്റേത് എന്നു തുടർന്നു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു കാതോലിക്കാ ബാവാ പറഞ്ഞു. സഭയുടെ സാതന്ത്ര്യത്തിന്റെ പൊരുളറിഞ്ഞ്, സാധാരണക്കാർക്കു പോലും മനസ്സിലാകുന്ന തരത്തിൽ അതു പകർന്നു നൽകിയിരുന്നു അദ്ദേഹം.

ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് അധ്യക്ഷത വഹിച്ചു. പി.സി. വിഷ്ണുനാഥ് എംഎൽഎ, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, കുര്യാക്കോസ് മാർ ക്ലിമ്മീസ്, ജോഷ്വാ മാർ നിക്കോദീമോസ്, സി.എം. ഫിലിപ്പോസ് റമ്പാൻ കോർഎപ്പിസ്കോപ്പ, ഫാ. മത്തായി കുന്നിൽ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, സ്റ്റീഫൻ ഐപ്, എം.വി. മാത്യു, സുനിൽ പി. ഉമ്മൻ എന്നിവർ പ്രസംഗിച്ചു. ആറാം മാർത്തോമ്മാ അവാർഡ് ജസ്റ്റിസ് കെ.ടി. തോമസ്, ഫാ. ഡോ. ടി.ജെ. ജോഷ്വയ്ക്കു സമ്മാനിച്ചു.

**1997 ജൂൺ 10 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**



# ആത്മീയതയുടെ ഈണം പകർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

**കാതോലിക്കേറ്റ് രത്നദീപമായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഇന്നലെ പ്രഖ്യാപിച്ച പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസിനെപ്പറ്റിയുള്ള അനുസ്മരണം**



പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പൊലീത്തയുടെ ബഹുമാന നാമ പ്രഖ്യാപന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ജസ്റ്റിസ് കെ.ടി. തോമസ്, കുര്യാക്കോസ് മാർ ക്ലിമീസ്, തോമസ് മാർ അത്തനാസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. ഡോ. ടി.ജെ. ജോഷ്വ, പി.സി. വിഷ്ണുനാഥ് എംഎൽഎ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, എം.വി. മാത്യു, സ്റ്റീഫൻ ഐപ്പ് എന്നിവർ സമീപം. ചിത്രം: മനോരമ.

**സാക്കിർ ഹുസൈൻ**

മെത്രാൻ സ്ഥാനത്തേക്കുള്ള നിയോഗം വീട്ടുപടിക്കൽ നിന്നു വിളിക്കുന്നു. ഏറ്റെടുക്കേണ്ട ശെമ്മാശൻ ആറ്റുവക്കത്തെവിടെയോ ഫുട്ബോൾ കളിക്കുകയാണ്. പന്ത് കാലിൽ കിട്ടിയാൽ മുന്നോട്ടു കുതിക്കാൻ അര നിമിഷം വേണ്ടാത്തയാളാണ്. ദൈവനിയോഗത്തിന്റെ വാർത്ത കേട്ടപ്പോൾ മൂന്നു ദിവസം സമയം ചോദിച്ചു. അവസാനം പന്തുകളിയെ പാട്ടിനു വിട്ട് ആ നിയോഗം സ്വീകരിക്കുക തന്നെ ചെയ്തു കെ.ടി. ഗീവർഗീസ് ശെമ്മാശൻ. അവിടെ തുടങ്ങി സംഗീതം പോലെ മധുരമായൊരു ശുശ്രൂഷ.

കർമം സംഗീതം പോലെ അയത്നമായി തുടരുകയും അതിനായി പന്തുകളിയിലെക്കാൾ അധ്വാനിക്കുകയും ചെയ്ത ഗീവർഗീസ് മാർ പീലക്സിനോസ് എന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ഓർക്കുന്നവരിലെല്ലാം നിറയും ആ സംഗീതാരാധനയുടെയും ചടുലനീക്കങ്ങളുടെയും ഉന്മേഷം.

കളിക്കളത്തിൽനിന്നു ദൈവവേലയുടെ വിശാലമായ മേച്ചിൽപ്പുറങ്ങളിലേക്കുള്ള അദ്ദേഹത്തിന്റെ പകർച്ചയ്ക്കു നിദാനമായത് ചെങ്ങന്നൂർ പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കുടുംബത്തിലേക്കുള്ള പരിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസിയോസിന്റെ വരവായിരുന്നു.

മാർ പീലക്സിനോസിന്റെ പിതാവ് തോമസ് കത്തനാരെ വിളിപ്പിച്ച് മാർ ദിവന്നാസിയോസ് ഒരാഗ്രഹം പറഞ്ഞു. ഗീവർഗീസ് ശെമ്മാശനെ മേൽപ്പട്ട സ്ഥാനത്തു കാണണം. ആഗ്രഹം അറിയിച്ചപ്പോൾ ആലോചിക്കാൻ മൂന്നു ദിവസം വേണമെന്നു ശെമ്മാശൻ.

തുടർന്നുള്ള ദിവസങ്ങളിൽ മാർ ദിവന്നാസിയോസും ശെമ്മാശനും പള്ളിയിൽ തന്നെ താമസിച്ചു. മൂന്നാം ദിവസം ശെമ്മാശൻ തീരുമാനം അറിയിച്ചു: തിരുമേനിയുടെ ഇഷ്ടം പോലെയാവട്ടെ.

ആ മൂന്നു ദിവസവും ശെമ്മാശൻ തനിച്ചിരുന്ന് ആലോചിക്കുകയും പ്രാർഥിക്കുകയും ചെയ്തു. അദ്ദേഹം എപ്പോഴും അങ്ങനെയായിരുന്നു. അതുകൊണ്ടാണ് മേൽപ്പട്ടക്കാരനായ ശേഷവും പലപ്പോഴും ഇരുട്ടിൽ ആളൊഴിഞ്ഞ കുരിശടികളിൽ പലരും അദ്ദേഹത്തെ തനിച്ചു കണ്ടിട്ടുള്ളത്. ഒരിക്കൽ രാത്രി വൈകി കടയടച്ചു മടങ്ങിയ വ്യാപാരി സമീപത്തെ കുരിശടിയിൽ ആളനക്കം കണ്ടു. മോഷ്ടാവാണോ എന്ന സംശയത്തിൽ ആളെ പിടികൂടാനൊരുങ്ങുമ്പോഴുണ്ട് അത് കൊച്ചുതിരുമേനിയാണ്. ഞാൻ പ്രാർഥിക്കുകയാ, നീയിതാരോടും പറയരുത് എന്നു മാത്രം പറഞ്ഞ് കൊച്ചുതിരുമേനി പോയി. അദ്ദേഹം 54–ാം വയസ്സിൽ കാലം ചെയ്ത ശേഷമേ വ്യാപാരി ഈ അനുഭവം പുറത്തു പറഞ്ഞുള്ളൂ.

തോമസ് കത്തനാരുടെ രണ്ടാമത്തെ മകനായി 1897 ജൂൺ 10നു ജനിച്ച ഗീവർഗീസ് മാർ പീലക്സിനോസ് നല്ല വിദ്യാർഥിയായിതുടങ്ങി നല്ല അധ്യാപകനും പ്രസംഗകനുമൊക്കെയായാണു മുതിർന്നത്. പുത്തൻകാവിലും മാവേലിക്കര ഗവ. ഹൈസ്കൂളിലും കോട്ടയം സിഎംഎസ് കോളജിലും പഠിച്ച ശേഷം സെറാംപൂരിൽ നിന്ന് ബിഡി ബിരുദം നേടി. കോട്ടയം എംഡി സെമിനാരി ഹൈസ്കൂളിൽ അധ്യാപകനായി. അക്കാലത്ത് ബിഡി ശെമ്മാശൻ എന്ന് ആളുകൾ ബഹുമാനത്തോടെ വിളിച്ചു. സെറാംപൂരിൽനിന്നു തന്നെ ഇംഗ്ലിഷിൽ എംഎ നേടി. ശേഷം പുത്തൻകാവ് സ്കൂളിൽ പ്രധാനാധ്യാപകനുമായി. അക്കാലത്താണ് വൈദിക പട്ടം കിട്ടിയത്. കുടുംബത്തിലെ 41–ാമത്തെ വൈദികനായിരുന്നു അദ്ദേഹം. മെത്രാനാകുമ്പോൾ പ്രായം 33 മാത്രം. 1930 നവംബർ രണ്ടിന് പരുമല പെരുനാൾ ദിനത്തിലായിരുന്നു തുമ്പമൺ ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയായുള്ള അഭിഷേകം. പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹൈസ്കൂൾ നിർമിക്കുന്ന കാലത്തെ കഥകൾ പഴയ തലമുറയ്ക്ക് അറിയാം. ആലുവയിൽനിന്ന് ഇഷ്ടിക എത്തിച്ചപ്പോൾ ഇറക്കാൻ ആളില്ല. അദ്ദേഹം തന്നെ ആദ്യത്തെ രണ്ടിഷ്ടിക ഇറക്കി. അതോടെ ജനം ഒപ്പം ചേർന്നു.

പത്തനംതിട്ട കാതോലിക്കറ്റ് കോളജിന് അപേക്ഷിച്ച ശേഷം കുടുംബ വീട്ടിലെത്തിയപ്പോൾ പിതൃസഹോദരൻ ചോദിച്ചു: കോളജ് തുടങ്ങാൻ കയ്യിൽ പണമൊക്കെയുണ്ടോ?

അദ്ദേഹം പഴ്സെടുത്തു മേശപ്പുറത്തേക്കു കുടഞ്ഞു. വീണത് അര രൂപയുടെ നാണയം! എന്റെ കയ്യിൽ ഇത്രയുമുണ്ട്. ബാക്കി ദൈവം തരും എന്നു മറുപടിയും.

പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമിക്കുമ്പോൾ മേൽനോട്ടത്തിൽ ആദ്യാവസാനക്കാരനായി അദ്ദേഹമുണ്ടാവും. രണ്ടു ബെഞ്ച് ചേർത്തിട്ട് അതിലായിരുന്നു ഉറക്കം. കിട്ടുന്ന ഭക്ഷണം കഴിക്കും.

മെത്രാനായിരുന്നപ്പോഴും ബസിലായിരുന്നു യാത്ര. ഏറെക്കഴിഞ്ഞാണ് ഒരു കാർ വാങ്ങിയത്. വസ്ത്രത്തിന്റെ മേന്മയിലുൾപ്പെടെ സ്വന്തം കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടില്ലെന്ന് സഹോദരപുത്രനായ തോമസ് മാർ അത്തനാസിയോസ് ഓർക്കുന്നു. വില കുറഞ്ഞ തുണികൊണ്ടാണ് കുപ്പായം തുന്നിച്ചിരുന്നത്. ആകെ ഒന്നോ രണ്ടോ കുപ്പായം.

പണത്തിന്റെ കാര്യത്തിൽ വലിയ കണിശക്കാരനായിരുന്നു. കാലം ചെയ്യുന്നതിന്റെ തലേന്ന് എഴുതിയ കത്തിലും കടമായി വാങ്ങിയ പണം തിരികെ നൽകാനുള്ള നിർദേശമുണ്ടായിരുന്നു. സഭയുടെ പണം തീയാണ്. അതു നമ്മെ ദഹിപ്പിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ ഓർമപ്പെടുത്തൽ.

പിതൃസഹോദരനെപ്പറ്റി തന്റെ കുട്ടിക്കാലത്തെ ഒരനുഭവം തോമസ് മാർ അത്തനാസിയോസ് പറയും. മാർ അത്തനാസിയോസിനെയും അനുജനെയും സ്കൂളിൽ ചേർക്കാൻ കൊണ്ടുപോയത് മാർ പീലക്സിനോസ് ആയിരുന്നു. വഴിയിൽനിന്നു വെള്ളക്കടലാസ് വാങ്ങി അപേക്ഷയെഴുതിയതും അദ്ദേഹം തന്നെ.

സ്കൂൾ പ്രവേശനം കഴിഞ്ഞു മടങ്ങിയപ്പോൾ കുട്ടികളോട് അദ്ദേഹം പറഞ്ഞു: എടാ, ഊണു വാങ്ങിത്തരാം. വീട്ടിൽ ചെല്ലുമ്പോൾ അമ്മയുടെ കയ്യിൽനിന്ന് അതിന്റെ കാശിങ്ങു വാങ്ങിത്തരണം. സഭയുടെ പണം കുടുംബത്തു ചെലവാക്കാനുള്ളതല്ലെന്നു പ്രമാണം. നല്ല പ്രഭാഷകനായിരുന്ന അദ്ദേഹത്തിന്റെ പ്രാർഥനയും ആരാധനയും സംഗീതസാന്ദ്രമായിരുന്നു. ആ മനസ്സിൽനിന്നൊഴുകിയ പ്രാർഥനയുടെ ഈണം മനുഷ്യമനസ്സുകളിൽ പ്രത്യാശയുടെ താളം പകർന്നു. വിശ്വാസികളുടെ തലമുറകളിൽ പാടിപ്പതിഞ്ഞ ദിവ്യഗാനംപോലെ അദ്ദേഹത്തിന്റെ സ്മരണയും നിലകൊള്ളുന്നു.

**2013 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.**

# കാതോലിക്കേറ്റ് രത്നദീപം



അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(പുത്തൻകാവിൽ കൊച്ചുതിരുമേനി)

64 വർഷങ്ങൾക്കു മുൻപ് കാലം ചെയ്ത, മലങ്കര ഓർത്തഡോക്സ് സഭാ
വിശ്വാസത്തിനുവേണ്ടി അവസാന നിമിഷം വരെ പോരാടിയ,
ഞങ്ങൾക്ക് എക്കാലവും അനുഗ്രഹങ്ങൾ ചൊരിയുന്ന
പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മരിക്കാത്ത ഓർമ്മകൾക്ക്
മാതൃഇടവകയായ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ്
**കത്തീഡ്രലിന്റെ പ്രണാമങ്ങൾ**